# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

July-August 2026

No. 4/26

**സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി;**
**ആകയാൽ അതിൽ ഉറെച്ചുനില്പിൻ;**
**അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്.**
**( ഗലാത്യർ 5 : 1 )**

For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

Editorial Committee

**Mrs. Sherine Kingston, Mrs. Jessy Bensen**
**Mrs. Sobha Selin, Mr. George John**

**Articles for publication should be sent to:**
**Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- കോപിച്ചാൽ പാപം ചെയ്യരുത് ..........1
- പ്രാർത്ഥനയും പ്രവൃത്തിയും..........4
- അവൾ ആ ചുവപ്പു ചരട് കിളിവാതില്ക്കൽ കെട്ടി..........6
- യഹോവയുടെ ഉപകാരങ്ങൾ ഒന്നും മറക്കരുത് ..........10
- യുക്തിയുടെ പിന്തുണയില്ലാത്ത അനുസരണം..........13
- നഷ്ടപ്പെട്ട മുതൽ..........15
- കറുത്ത ആഫ്രിക്കയിലെ വെളുത്തമ്മ - മേരി സ്ലെസർ..........18
- യഹോവയുടെ ഭണ്ഡാരമായ കാറ്റ് ..........23
- കുമ്പസാരം..........26
- ഏകാന്തതയുടെ തീരത്ത്..........31
- Bethany School of Theology..........33
- Quest -8..........36

# കോപിച്ചാൽ പാപം ചെയ്യരുത്

വേദപുസ്തകത്തിലുടനീളം നാം വായിച്ചാൽ കോപിച്ചതുമൂലം വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹത്തിനും സംഭവിച്ച പരാജയങ്ങളും, ഇതുമൂലം സംഭവിച്ച അനന്തരഫലങ്ങളെയും വായിക്കുവാൻ സാധിക്കും. മനുഷ്യരെ നശിപ്പിക്കുന്നതിന് കോപത്തിന് ഒരു വലിയ പങ്ക് ഉണ്ട്. കോപം എല്ലാ മനുഷ്യരിലും ഉണ്ട്. എവിടെയെല്ലാം ആളുകൾ ഒത്തുകൂടി സംസാരിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നുണ്ടോ അവിടെയെല്ലാം കോപം പുറപ്പെടുന്നത് കാണാം. ചിലർ കോപം എന്ന വികാരത്തെ നിയന്ത്രിക്കുന്നു, ആത്മസംയമനം പാലിക്കുന്നു, ചിലർ കോപം പരസ്യമായി പ്രകടിപ്പിക്കുന്നു പല രൂപത്തിലും, ഭാവത്തിലും. എന്നാൽ തനിക്കു തന്നെ നാശം താൻ വിതയ്ക്കുന്നു എന്നുള്ളത് അറിയുന്നില്ല. ദ്രോഹിക്കാനുള്ള ആഗ്രഹത്തോളമെത്തുന്ന കലശലായ മാനസികാസ്വാസ്ഥ്യം ആണ് കോപം. നീരസം, വിരോധം, ക്രോധം, രോഷം ഇതെല്ലാം കോപത്തിന്റെ മുന്നോടിയായി ഉണ്ടാകുന്നു. മനസ്സിന്റെ സമനിലയെയും ശാന്തിയെയും പെട്ടെന്ന് നശിപ്പിക്കുന്ന പ്രബലമായ വികാരമാണ് കോപം. പല കോപങ്ങളും പെട്ടെന്നുള്ളതും മറ്റു പലത് അസൂയയിൽ നിന്നും, വേറൊരു കോപം ഒരാൾ തന്നെ സ്നേഹിക്കുന്നതിനു പകരം മറ്റൊരാളിനെ സ്നേഹിച്ചാൽ വരുന്ന കോപവുമാണ്. ഇതെല്ലാം ക്രമേണ ഉടലെടുക്കുന്നതാണ്. സങ്കീ. 37:8 –ൽ കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്ക; മുഷിഞ്ഞു പോകരുതു; അതു ദോഷത്തിന്നു ഹേതുവാകേയുള്ളൂ. ഏഷണിവാക്കു കോപത്തെ ജനിപ്പിക്കുന്നു എന്ന് സദൃശ. 25:23 ൽ കാണുന്നു.

ഉൽപത്തി പുസ്തകം നാം വായിച്ചാൽ കയീന് ഹാബേലിനോട് കോപം ഉണ്ടായി. കാരണം അത് അസൂയയിൽനിന്നുമാണ്. അവൻ തന്റെ സഹോദരനെ കൊന്നു കോപം തീർത്തു. വീണ്ടും യാക്കോബിനെ നോക്കിയാൽ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കാതെ ഒരാളിനെ അല്പം കൂടുതൽ സ്നേഹിച്ചതുമൂലം സഹോദരന്മാരുടെ ഇടയിൽ അസൂയ ഉണ്ടായി. തൻ നിമിത്തം ദീർഘവർഷങ്ങൾ യോസേഫിനെ കാണാൻ സാധിച്ചില്ല. ചില സ്ഥലങ്ങളിൽ നാം നോക്കിയാൽ ക്ഷമ ഇല്ലാത്തതുമൂലം ഉണ്ടായ കോപത്തെ മനസ്സിലാക്കാൻ സാധിക്കും. അത് പ്രതികാരം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ഹൃദയത്തിൽ സൂക്ഷിക്കുന്ന വികാരമാണ് കോപം. കോപം, ക്രോധം ഇവ തമ്മിൽ അല്പം ഭേദമുണ്ട്. വികാരങ്ങളുടെ പ്രക്ഷുബ്ധാവസ്ഥ അഥവാ പൊട്ടിത്തെറിക്കലാണ് ക്രോധം. ഒരു നിമിഷത്തെ കോപംകൊണ്ട് സ്വയം ജീവിതം അവസാനിപ്പിച്ചവരും, മറ്റ് പലരുടെയും ജീവൻ അവസാനിപ്പിച്ചവരും ഉണ്ട്.

2 രാജാക്കന്മാർ 5: 9,10,11 എലീശാ പ്രവാചകൻ പറഞ്ഞത് അരാം രാജാവിന്റെ സേനാപതിയായ നയമാന് അനുസരിക്കുവാൻ പ്രയാസമായി

തോന്നി. തന്റെ അധികാരബലവും, അധികാരവും വച്ച് പ്രവാചകൻ തന്റെ അടുക്കൽ വന്ന് കുഷ്ഠരോഗസൗഖ്യത്തിന് തന്റെ ശരീരത്തിൽ കൈവച്ച് സൗഖ്യം തരും എന്ന് പ്രതീക്ഷിച്ചു. എന്നാൽ പ്രവാചകൻ "നീ യോർദ്ദാൻ നദിയിൽപോയി ഏഴു പ്രാവശ്യം കുളിക്ക, അപ്പോൾ നിന്റെ ദേഹം മുമ്പിലത്തെപ്പോലെയായി നീ ശുദ്ധനാകും" എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ നയമാൻ ക്രുദ്ധിച്ചു തിരികെ പോകുവാൻ പുറപ്പെട്ടു. എന്നാൽ ഭൃത്യന്മാർ താഴ്മയോടെ "പിതാവേ പ്രവാചകൻ വലിയോരു കാര്യം നിന്നോടു കല്പി ച്ചിരുന്നുവെങ്കിൽ നീ ചെയ്യാതെ ഇരിക്കുമോ?" ഭൃത്യന്മാരുടെ വാക്കുകേട്ട് നയമാൻ യോർദ്ദാൻ നദിയിൽ പോയി ഏഴു പ്രാവശ്യം മുങ്ങി കുളിച്ചു ശുദ്ധനായി. തന്റെ ബാല്യക്കാരുടെ അവസരോചിതമായ ഇടപെടൽമൂലം സേനാപതിയുടെ ക്രോധം മാറ്റുവാനും സൗഖ്യം പ്രാപിക്കുവാനും സാധിച്ചു.

അഹശ്വേരോശ് രാജാവിന്റെ കല്പന വസ്ഥിരാജ്ഞി അനുസരിക്കാ ഞ്ഞതുകൊണ്ട് തന്റെ രാജ്ഞിസ്ഥാനം നഷ്ടമായി. അഹശ്വേരോശ് രാജാവിന്റെ കോപത്തിന്റെ ആധിക്യം നിമിത്തവും, കൂടെ ഉണ്ടായിരുന്ന മെമൂഖാന്റെ വാക്കു നിമിത്തവും വസ്ഥിരാജ്ഞിയെ രാജസ്ഥാനത്തിൽ നിന്നും പുറത്താക്കി (എസ്ഥേർ 1:21). എന്നാൽ രാജാവിന്റ ക്രോധം ശമിച്ചപ്പോൾ താൻ ഏറ്റവും സ്നേഹിച്ച തന്റെ ഭാര്യ തനിക്കു നഷ്ടമായി. എസ്ഥേർ 2:1 നാം വായിക്കുമ്പോൾ "അതിന്റെശേഷം അഹശ്വേരോശ് രാജാ വിന്റെ ക്രോധം ശമിച്ചപ്പോൾ അവൻ വസ്ഥിയെയും അവൾ ചെയ്തതിനെയും അവളെക്കുറിച്ചു കല്പിച്ച വിധിയെയും ഓർത്തു". ഇനി പറഞ്ഞിട്ട് കാര്യം ഇല്ല. വിഷയം കൈവിട്ടുപോയല്ലോ?.

യാക്കോ.1:20 മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതി പ്രവർത്തി ക്കുന്നില്ല. സദൃശ. 15:1 മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു.

പുതിയനിയമത്തിൽ പൗലൊസ് എഫെസൊസിലെ സഭയ്ക്ക് എഴു തുന്നത് കോപിച്ചാൽ പാപം ചെയ്യരുത്. കോപത്തെക്കുറിച്ച് ബോധ്യമായാൽ ഉടൻ തന്നെ പരിഹാരം വരുത്തണം. നാം അതിൽ ഉറച്ചുനില്ക്കയാണെങ്കിൽ കോപം നമ്മെ കയ്പുള്ളവരാക്കും. പാപം വാതില്ക്കൽ കിടക്കുന്നു, മറക്കരുത്. നമ്മെ ഒരോ ദിവസവും യേശുവിനെപ്പോലെയാക്കാൻ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നുവെന്നുമുള്ള വാഗ്ദത്തം നമുക്ക് നല്കിയിരിക്കുന്നു. നമ്മുടെ കോപം നമ്മുടെ സ്വാർത്ഥതയിൽ അടിസ്ഥാനപ്പെട്ടതാണെങ്കിൽ അത് നമ്മുടെ ബന്ധങ്ങളിൽ അകൽച്ചയും തകർച്ചയും മാത്രമേ ഉളവാക്കൂ. നാം ചെയ്ത തെറ്റിന് ക്ഷമ ചോദിക്കുന്നതിനു പകരം നാം പൊട്ടിത്തെറിക്കാറുണ്ട്. നമ്മൾ ശക്തരും മറ്റുള്ളവർ അശക്തരുമാണെന്ന് തെളിയിക്കുവാൻ കോപത്തെ ഒരു കവചമായി ഉപയോഗിക്കുന്നു. ഇത് പല കുടുംബങ്ങളിലും, സഭയിലും, സമൂഹത്തിലും കാണുവാൻ സാധിക്കും. കോപം ഉപേക്ഷിച്ച് നിരപ്പു പ്രാപിക്കുവാൻ ദൈവം

അവസരം തരും. അതു വിനിയോഗിച്ചാൽ നല്ല മനസ്സാക്ഷിയോടെ ജീവിക്കുവാൻ സാധിക്കും.

മഹാനായ അലെക്സാണ്ടർ രാജാവ് രാജ്യങ്ങൾ കീഴടക്കി, എന്നാൽ തന്റെ വ്യക്തിപരമായ കോപത്തോടു മല്ലിട്ടു ജയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അലെക്സാണ്ടറിനുണ്ടായിരുന്ന ഏറ്റവും നല്ല സ്നേഹിതരിൽ ഒരാളായിരുന്നു ക്ലിറ്റസ്. അവർ ബാല്യം മുതൽ സ്നേഹിതരായിരുന്നു. ക്ലിറ്റസ് പിന്നീട് അലെക്സാണ്ടറുടെ സൈന്യാധിപനായി സേവനം നടത്തിയിരുന്നു. ഒരു ദിവസം, ക്ലിറ്റസ് നന്നായി മദ്യപിച്ചു പടയാളികളുടെ മുമ്പിൽവെച്ചു അലെക്സാണ്ടറെ കളിയാക്കി. അലെക്സാണ്ടർ കോപാകുലനായി. പ്രതികാരം അവനിൽ തിളച്ചു മറിഞ്ഞു, അവൻ ഒരു കുന്തം എടുത്തു ക്ലിറ്റസിനെ എറിഞ്ഞു. കുന്തം ശരിയായ സ്ഥാനത്തു കൊള്ളുകയും, ക്ലിറ്റസ് കൊല്ലപ്പെടുകയും ചെയ്തു.സ്നേഹിതന്റെ മരണശേഷം, അലെക്സാണ്ടർ കടുത്ത വിഷാദത്തിലായി. കുറ്റബോധം അവനെ മഥിച്ചുകൊണ്ടിരുന്നു. ഒരു സന്ദർഭത്തിൽ, അയാൾ ക്ലിറ്റസിനെ കൊന്ന അതേ കുന്തം കൊണ്ടു തന്നെത്താൻ കുത്തി ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ചു, എന്നാൽ അവന്റെ ആളുകൾ അവനെ തടഞ്ഞു. അലെക്സാണ്ടറുടെ വിഷാദം അവനെ ശാരീരിക രോഗത്തിലെത്തിച്ചു. അവൻ കിടക്കയിൽ കിടന്നു രാവും പകലും ക്ലിറ്റസിന്റെ പേര് ഉച്ചരിക്കുവാൻ തുടങ്ങി. തന്റെ സ്നേഹിതന്റെ മരണം അവന്റെ മനസ്സിൽ നിന്നു മായ്ക്കുവാൻ അവനു കഴിഞ്ഞില്ല. അവൻ പല യുദ്ധങ്ങളും വിജയിച്ചു അന്നത്തെ പരിഷ്കൃതലോകത്തെ വാഴുകയും ചെയ്തു, പക്ഷെ അവന്റെ സ്വന്തം മനോഭാവത്തോടു പോരാടി ജയിക്കുവാൻ അവനു കഴിഞ്ഞില്ല. അവൻ കോപത്തോടു പരാജയപ്പെട്ടു,

ഇന്ന് കോപം അല്ലെങ്കിൽ ക്രോധം നിമിത്തം ക്ഷമിക്കുവാൻ മനസ്സില്ലാതെ കുടുംബങ്ങൾ നശിക്കുന്നു. ബന്ധങ്ങൾ ശിഥിലമാകുന്നു. കലാലയങ്ങളിൽ അദ്ധ്യാപകരുടെ ആക്രോശം മൂലം എത്ര എത്ര കുഞ്ഞുങ്ങൾ പാതി വഴിയിൽ തങ്ങളുടെ വിദ്യാഭ്യാസം മതിയാക്കുന്നു. അനേക കുഞ്ഞുങ്ങൾ ഡിപ്രഷൻ ബാധിച്ച് അല്ലെങ്കിൽ മാനസികവെല്ലുവിളികൾ നേരിട്ട് ചികിത്സതേടി അലയുന്നു. ചിലർ മാതാപിതാക്കളെ കൊല്ലുന്നു, അനേകർ വീടുകളിൽ ഒതുങ്ങിക്കൂടുന്നു. കോപവും ക്രോധവും ഉപേക്ഷിച്ച് സ്നേഹത്തിന്റെ ഭാഷയിൽ പരസ്പരം സംസാരിച്ച് ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉള്ളവർ പരിശ്രമിക്കാം. ദൈവം നമുക്ക് ഓരോരുത്തർക്കും തരുന്ന ഒരു ആയുസ്സ് പരസ്പരം ദൈവസ്നേഹത്തിലും, സന്തോഷത്തിലും ജീവിച്ച് കർത്താവിന്റെ രാജ്യത്തിന് അവകാശികളാകാം. അതിന് ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ ഏവരേയും സഹായിക്കട്ടെ. ആമേൻ.

**ഷെറിൻ കിംഗ്സ്റ്റൻ**

# പ്രാർത്ഥനയും പ്രവൃത്തിയും

നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയെക്കുറിച്ച് പുതിയനിയമം പഠിക്കുമ്പോൾ പലയിടത്തും കാണുവാൻ കഴിയും.

**യേശുവിന്റെ പ്രാർത്ഥന:-**

മത്തായി 14:23-ൽ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു യേശു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി എന്നു വായിക്കുന്നു. ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനം ഏറ്റുപ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു (ലൂക്കൊസ് 3:21). നിർജ്ജനപ്രദേശത്തു പോയി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന യേശുവിനെ ലൂക്കൊസ് 5:16-ൽ കാണുന്നു. ലൂക്കൊസ് 6:12,13 വാക്യങ്ങളിൽ യേശു രാത്രി മുഴുവനും പ്രാർത്ഥനയിൽ കഴിച്ചു. നേരം വെളുത്തപ്പോൾ ശിഷ്യന്മാരായി 12 പേരെ തിരഞ്ഞെടുത്തു. അവരെ അപ്പൊസ്തലന്മാർ എന്ന് പേരു വിളിച്ചു. യേശു തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാരോട് ചോദിക്കുന്ന ഒരു പ്രധാന ചോദ്യം "പുരുഷാരം എന്നെ ആരെന്ന് പറയുന്നു?" (ലൂക്കൊസ് 9:18). ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിക്കുന്നതിനു മുമ്പും ഗെത്ത്ശെമനയിലെ പ്രാർത്ഥനയും ക്രൂശിൽ കിടക്കുമ്പോൾ മറ്റുള്ളവർക്കുവേണ്ടിയും, ലാസറിന്റെ കല്ലറയ്ക്കൽ ചെന്നും പ്രാർത്ഥിച്ചു. ലൂക്കൊസ് 23-ന്റെ 45,46 വാക്യങ്ങളിൽ അത്യുച്ചത്തിൽ നിലവിളിച്ചുകൊണ്ട് തന്റെ പ്രാണനെ (ആത്മാവിനെ) പിതാവിങ്കൽ ഏല്പിക്കുന്നു. പുനരുത്ഥാനത്തിനുശേഷവും പ്രാർത്ഥിച്ചു.

**പ്രാർത്ഥന മാത്രം പോരാ, പ്രവൃത്തിയും അത്യാവശ്യമാണ്.**

കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞു തീർന്നപ്പോൾ പുറത്തു കിടന്ന കല്പാത്രങ്ങളിൽ യേശുവിന്റെ വാക്കനുസരിച്ച് വെള്ളം നിറയ്ക്കേണ്ടതു ആവശ്യമായിരുന്നു. രക്ഷയുടെ വെള്ളം ശമര്യാസ്ത്രീക്കു ക്രിസ്തു നല്കുന്നതിനു മുമ്പ് പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരുവാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പ് കല്ലു പിടിച്ചുവച്ചവർ അത് ഉരുട്ടിമാറ്റേണ്ടതും കെട്ട് അഴിക്കേണ്ടതും ആവശ്യമാണ്. യോഹന്നാൻ 9-ാം അദ്ധ്യായത്തിൽ പറയുന്ന കുരുടന് കാഴ്ച നല്കുന്നതിന് മുമ്പ് അവൻ ശീലോഹം കുളത്തിൽ പോയി കഴുകണമായിരുന്നു. 38 ആണ്ട് രോഗം പിടിച്ചുകിടന്നവനോട് എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്കുക എന്നാണ് യേശു പറഞ്ഞത്. കരം അടയ്ക്കേണ്ടതിന് കടലിലേക്കു ചെന്നു ചൂണ്ടൽ ഇടുവാനും ആദ്യം കിട്ടുന്ന മീനിന്റെ വായ് തുറക്കുമ്പോൾ കാണുന്ന ചതുർദ്രഹ്മപ്പണം എടുത്ത് കൊടുക്കുവാനും പത്രൊസിനോട് യേശു പറഞ്ഞു.

യേശുവിനോട് ശിഷ്യന്മാർ ഭക്ഷിക്കുവാൻ പറഞ്ഞപ്പോൾ യേശു അവരോട് പറഞ്ഞത്: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം (യോഹ.4:34).

യഥാർത്ഥ സന്തോഷം പ്രാപിക്കാനുള്ള ഏറ്റവും നേരായ വഴി ഏതെന്ന് ചോദിച്ച സിഗിസ്മണ്ട് ചക്രവർത്തിയോട്, "നിങ്ങൾ രോഗിയായിരുന്നപ്പോൾ തീരുമാനിച്ച കാര്യങ്ങൾ സൗഖ്യമാകുമ്പോൾ പ്രവർത്തിക്കുക" എന്നായിരുന്നു കൊളോണിലെ ആർച്ച് ബിഷപ്പ് തിയോഡോറിക്കസിന്റെ മറുപടി. യുദ്ധം ചെയ്യുന്നതിന് തീരുമാനം ഇല്ലാത്ത പട്ടാളക്കാരനെ എളുപ്പം തോല്പിക്കാം. വൈഷമ്യങ്ങളുടെ മേൽ ധൈര്യവും മൂർച്ചയുമുള്ള തീരുമാനങ്ങൾ ആവശ്യമാണ്. ഭീരുവിലുള്ള ശക്തിയേക്കാൾ ബലഹീനതയിൽ ഉള്ള തീരുമാനം കൂടുതൽ വിജയം വരിക്കും (സ്റ്റീഫൻ ചാർനോക്ക്)

പിശാചിനെക്കുറിച്ച് ഒരു വികടകവി എഴുതിയിരിക്കുന്നത് - പിശാച് രോഗിയായി, സന്യാസിയാകാമെന്ന് നേർന്നു. അവൻ സൗഖ്യമായി, - ചില ആളുകൾ ദൈവത്തിന്റെ കരം അവരുടെമേൽ ഭാരം ആകുമ്പോൾ അനേക തീരുമാനങ്ങളും, നേർച്ചകളും നേരും. വടി മുതുകിൽ നിന്ന് എടുക്കുകയോ, ആരോഗ്യം തിരിച്ചു കിട്ടുകയോ ചെയ്യുമ്പോൾ സകലവും മറക്കുന്നു. മുമ്പിലത്തേക്കാൾ മോശമായ നിലയിൽ ആയിരിക്കും അവരുടെ ജീവിതം. എന്നാൽ ദാവീദ് യുദ്ധകാലത്ത് നേർച്ചകൾ നേരുകയും സമാധാനകാലത്ത് അത് നിവർത്തിക്കുകയും ചെയ്തു.

പ്രിയ ദൈവമക്കളേ, നാം നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് അറിയിക്കുക മാത്രമല്ല കർത്താവിനുവേണ്ടി പ്രവർത്തിക്കുവാനും തയ്യാറാവണം. അതിനായി ദൈവം എല്ലാവരെയും സഹായിക്കുമാറാകട്ടെ.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

## Quest 7 - ന്റെ ശരി ഉത്തരങ്ങൾ

1. പന്തിരുവരിൽ ഒരുവൻ, തോമസിനോട് (യോഹ. 20:24,25)
2. മത്തായി (മത്തായി 9:9)
3. ലൂക്കൊസ് (കൊലൊസ്സ്യർ 4:14)
4. സെബെദിയുടെ മക്കൾ (മർക്കൊസ് 3:17)
5. കതിർ പറിച്ചു തിന്നു (ലൂക്കൊസ് 6:1)
6. യോഹന്നാൻ (യോഹ. 13:22-25)
7. സ്തെഫാനോസ് (അപ്പൊ. പ്രവൃ. 7:59-60)
8. ഗോൽഗോഥാ (യോഹ. 19:17)
9. ദിദിമൊസ് (യോഹ. 11:16)
10. മത്ഥിയാസ് (അപ്പൊ.പ്രവൃ. 1:26)
11. ഹുമനയൊസും, അലെക്സന്തരും (1 തിമൊഥെ. 1:20)
12. പത്രൊസ് (യോഹ. 6:68)
13. യോഹന്നാൻ സ്നാപകൻ (ലൂക്കൊസ് 1:41-44)
14. യുവൊദ്യയും, സുന്തുകയും (ഫിലി. 4:2)
15. ഹന്നാ (ലൂക്കൊസ് 2:36-38)
16. രണ്ടു പ്രാവശ്യം(ലൂക്കൊസ് 1:19, 1:26)
17. പൗലൊസിന്റെ (2 തെസ്സ. 3:10)
18. സ്തെഫാനോസ് (അപ്പൊ. പ്രവൃ. 7:56)
19. ദ്രവ്യാഗ്രഹം (1 തിമൊ. 6:10)
20. തീപ്പൊയ്കയിൽ (വെളി. 20:15)

# അവൾ ആ ചുവപ്പു ചരട് കിളിവാതില്ക്കൽ കെട്ടി

രാഹാബ് എന്ന വേശ്യയുടെ പേര് തിരുവചനത്തിൽ വന്നതും അവളും കുടുംബവും മാത്രം രക്ഷപ്പെട്ടതും, ഈ വാക്കുകളുടെ അടിസ്ഥാനത്തിൽ മാത്രമാകുന്നു. “അവൾ ആ ചുവപ്പു ചരടു കിളിവാതില്ക്കൽ കെട്ടി”. എന്തായിരുന്നു ആ ചുവപ്പു ചരട് "Scarlet Cord"? ചരട് or Cord എന്ന വാക്കിന് "Hope" or "Expectation" എന്നാണർത്ഥം. അതായത് പ്രത്യാശ, പ്രതീക്ഷ എന്നു സാരം. വെറും ഒരു ചുവപ്പു ചരടു മാത്രമായിരുന്നില്ല അത്. പ്രത്യാശ നല്കുന്ന, ശുഭകരമായ പ്രതീക്ഷ നല്കുന്ന വലിയോരു വാഗ്ദത്തമായിരുന്നു ആ “ചുവപ്പു ചരട്”. അവൾ പൂർണ്ണവിശ്വാസത്തോടും അനുസരണത്തോടുംകൂടെ അത് അവളുടെ കിളിവാതില്ക്കൽ കെട്ടി. യെരിഹോപട്ടണം എന്നു പിടിക്കപ്പെടുമെന്നോ, എങ്ങനെ പിടിക്കപ്പെടുമെന്നോ അവൾക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ എന്തുതന്നെ സംഭവിച്ചാലും അവൾ രക്ഷപ്പെടും എന്ന് പൂർണ്ണമായി വിശ്വസിച്ചു, “വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടു അവിശ്വാസികളോടുകൂടെ നശിക്കാതിരുന്നു”. നോക്കുക അവളും ഒറ്റുകാരും തമ്മിലുള്ള സംസാരം, “നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതേ സ്വർഗ്ഗത്തിലും, താഴെ ഭൂമിയിലും ദൈവം ആകുന്നു”. അതായിരുന്നു അവളുടെ വിശ്വാസം. തുടർന്നുള്ള വേദഭാഗങ്ങളിൽ അവൾക്കും അവളുടെ പിതൃഭവനത്തിനും രക്ഷപ്പെടേണം എന്നും അവൾ ആഗ്രഹിച്ചു, പ്രാർത്ഥിച്ചു. ദൂതന്മാർ പറഞ്ഞത് അവൾ വിശ്വസിച്ചു, അനുസരിച്ചു. അവൾക്കു ലഭിച്ച ആ ചുവപ്പു ചരടു അവളുടെ പ്രത്യാശയും ഉറപ്പുമായിരുന്നു. “ഉറപ്പുള്ള ഒരു ലക്ഷ്യം” അവൾ ആഗ്രഹിച്ചു. ലഭിച്ചത് ആ ചുവപ്പു ചരടായിരുന്നു. അതിൽ അവൾ സംതൃപ്തിയടഞ്ഞു. വിശ്വസിച്ചു, അനുസരിച്ചു, കാത്തിരുന്നു. എത്രനാൾ കാത്തിരുന്നു എന്നറിഞ്ഞുകൂടാ. പക്ഷെ അവൾ ആ ചുവപ്പു ചരടിലേക്കു നോക്കുമ്പോൾ മൗനമായി ആ ശബ്ദം അവളുടെ കാതിൽ മുഴങ്ങി “ഭയപ്പെടേണ്ടാ, നീ രക്ഷപ്പെട്ടിരിക്കുന്നു. ഉറപ്പും, ധൈര്യവും ഉള്ളവളായിരിപ്പിൻ”! എത്ര നല്ല ഉറപ്പ്, എത്ര നല്ല പ്രത്യാശ! ഈ രാഹാബ് എന്ന വേശ്യ ഇന്നും നമുക്കു തരുന്ന ഉറപ്പും അതു മാത്രമാകുന്നു.

പ്രിയമുള്ളവരേ, നമ്മുടെ ദൈവം എത്ര വിശ്വസ്തൻ! വാക്കു മാറാത്തവൻ! “യഹോവ നല്ലവനും, നേരുള്ളവനും ആകുന്നു. അതു

കൊണ്ട് അവൻ പാപികളെ നേർവഴി കാണിക്കുന്നു". രാഹാബ് എന്ന വേശ്യ അവളുടെ ജീവൻപോലും അപായപ്പെടുത്തി ആയിരുന്നു ആ ഒറ്റുകാരെ സ്വീകരിച്ചു, ഒളിപ്പിച്ച് രക്ഷിച്ചത്. അതിനുണ്ടായ പ്രധാനകാരണം അവൾ യിസ്രായേലിന്റെ ദൈവമായ യഹോവ മാത്രം ജീവനുള്ള ഏകസത്യദൈവം എന്ന് വിശ്വസിച്ചു. മഹാത്ഭുതങ്ങളെ പ്രവർത്തിച്ചു തന്റെ ജനത്തെ രക്ഷിച്ചു പോറ്റിപ്പുലർത്തുന്ന ദൈവം അവളെയും രക്ഷിപ്പാൻ പ്രാപ്തനും ശക്തനുമെന്ന് അവൾ വിശ്വസിച്ചു. അവളുടെ വിശ്വാസത്തിന്റെ അനുസരണം മാത്രമാണ് അവളേയും കുടുംബാംഗങ്ങളേയും രക്ഷിച്ചത്. ഇന്നും രാഹാബ് നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. പ്രിയമുള്ളവരേ, രാഹാബ് തന്റെ ഉറച്ച വിശ്വാസം കൊണ്ടുമാത്രമായിരുന്നു രാജാവിനോടുപോലും കള്ളംപറഞ്ഞ് ആ ഒറ്റുകാരെ ഒളിപ്പിച്ചു രക്ഷിച്ചത്. ഒരു പക്ഷെ അവൾ മഹാപാപി ആയിരുന്നിരിക്കാം. പക്ഷെ അവൾ ജീവനുള്ള ഏകസത്യദൈവത്തിൽ വിശ്വസിച്ചു, രക്ഷ പ്രാപിക്കേണം എന്നാഗ്രഹിച്ചപ്പോൾ അവൾ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു. ചണംകൊണ്ടുള്ള വ്യാപാരത്തിൽ ഏർപ്പെട്ടു എന്നാണ് പറയപ്പെടുന്നത്. എന്തുതന്നെ ആയിരുന്നാലും രാഹാബിന്റെ വിശ്വാസം ഉറച്ച വിശ്വാസം മാത്രമായിരുന്നില്ല, പക്ഷെ പ്രത്യാശ പ്രതീക്ഷിക്കുന്നതും, ദൈവം പ്രസാദിക്കുന്നതുമായ വിശ്വാസമായിരുന്നു. അതുകൊണ്ട് ദൈവം അവളെ മാനിച്ചു, സഹായിച്ചു, ബുദ്ധി ഉപദേശിച്ചു രക്ഷിച്ചു. നമ്മുടെ ദൈവം എത്ര നല്ല ദൈവം.!!! അങ്ങനെയുള്ള വിശ്വാസമാണോ നമുക്കുള്ളത്? പ്രത്യാശ നല്കുന്നതും ഉറപ്പുള്ളതും, ഏതു പ്രതികൂലസാഹചര്യങ്ങളിലും പതറിപ്പോകാതെ ഉറച്ചു നില്ക്കുന്ന വിശ്വാസം!

കർത്താവായ യേശുക്രിസ്തുവിലൂടെ പിതാവായ ദൈവത്തിന്റെ മക്കളായി വീണ്ടും ജനിക്കുമ്പോൾ ദൈവം തന്റെ മക്കൾക്കു ദാനമായി നല്കുന്ന വിശ്വാസം! അതു നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തി ഉയർത്തിക്കാണിക്കുന്ന വിശ്വാസം! പ്രവൃത്തികളിലൂടെ പ്രകടമാകുന്ന വിശ്വാസം! ആ പ്രത്യാശയാകുന്ന ചുവപ്പു ചരട് നമ്മുടെ ജീവിതത്തിലും, ഭവനത്തിലും പ്രദർശിപ്പിക്കപ്പെടുന്ന വിശ്വാസം! അതാകുന്നു ദൈവം പ്രസാദിക്കുന്ന വിശ്വാസം! നമുക്കൊരു ഹിതപരിശോധന ചെയ്‌വാൻ കർത്താവു നമ്മെ സഹായിക്കട്ടെ. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നേ എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്ന ആ ചുവപ്പു ചരട് നാം ജീവിതത്തിൽ കാണത്തക്കവണ്ണം പ്രദർശിപ്പിക്കേണ്ടതാകുന്നു. ആ ചുവപ്പു ചരട് അവളുടെ കിളിവാതിലിൽ കെട്ടിയിരുന്നില്ലെങ്കിൽ അവളും കുടുംബവും ദൈവത്തിന്റെ ശപഥാർപ്പിതനഗരമായ യെരിഹോപട്ടണ

ത്തോടൊപ്പം നശിച്ചുപോകുമായിരുന്നു. പക്ഷെ അവളും കുടുംബവും എത്ര അത്ഭുതകരമായിട്ടായിരുന്നു രക്ഷപ്പെട്ടത്. ആ ചുവപ്പു ചരടിന്റെ ശക്തി, വില എത്ര വിലയേറിയതായിരുന്നു! വിശ്വാസവീരന്മാരുടെ പട്ടികയിൽ അവളുടെ പേർ എഴുതി ചേർക്കപ്പെട്ടു. ഇന്നു നാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി അവന്റെ രണ്ടാം വരവിനായി എത്ര വിശ്വാസത്തോടും, പ്രത്യാശയോടും, പ്രതീക്ഷയോടും, ദീർഘക്ഷമയോടുംകൂടെയാണ് കാത്തിരിക്കുന്നത്? നമ്മുടെ പ്രത്യാശ ഭംഗമില്ലാത്ത ഭാഗ്യകരമായ പ്രത്യാശയാകുന്നു. അതിനായി നമുക്കു സ്തോത്രം ചെയ്യാം. രാഹാബ് വിശ്വസിച്ചു, അനുസരിച്ചു, ചുവപ്പു ചരട് കിളിവാതിലിൽ കെട്ടി അടങ്ങിയിരുന്നില്ല. അവൾ തന്റെ മാതാപിതാക്കളേയും കുടുംബാംഗങ്ങളേയും വിളിച്ചുവരുത്തി അവരോടു തന്റെ വിശ്വാസത്തേക്കുറിച്ചു വിവരിച്ചു. അടയാളമായി ആ ചുവപ്പു ചരടു കാണിച്ചുകൊടുത്തു. അവർ വിശ്വസിച്ചു. അവളും കുടുംബവും രക്ഷ പ്രാപിച്ചു. "കർത്താവായ യേശുവിൽ വിശ്വസിക്ക: എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്ന പൗലൊസ് അപ്പൊസ്തലന്റെ വാക്കു കേട്ടു വിശ്വസിച്ചു രക്ഷ പ്രാപിച്ച കാരാഗൃഹപ്രമാണിയേപ്പോലെ അനേകർ രക്ഷിക്കപ്പെടുവാൻ കർത്താവു കാത്തിരിക്കയാകുന്നു (അപ്പൊ. പ്രവ. 16:30 -34). നമുക്കു ദാനമായി ലഭിച്ച ഇത്ര വലിയ രക്ഷ നാം മറ്റുള്ളവർക്കു കൂടെ പങ്കു വയ്ക്കുവാൻ രാഹാബ് എന്ന വേശ്യ നമ്മോടും പറഞ്ഞുകൊണ്ടിരിക്കയാകുന്നു. ഈ രാഹാബു കേട്ടതുപോലെയും, അറിഞ്ഞതുപോലെയും വിശ്വസിച്ചതുപോലെയുമുള്ള വാർത്തകൾ യെരിഹോ പട്ടണക്കാരും കനാന്യ നിവാസികളും കേട്ടതായിരുന്നു. പക്ഷെ അവർ തങ്ങളുടെ സ്വയം പ്രയത്നത്താൽ രക്ഷപ്പെടാം എന്നായിരുന്നു വിചാരിച്ചത്. പക്ഷെ അവരൊക്കെയും ഉന്മൂലനാശം ചെയ്യപ്പെട്ടു.

അതുപോലെ ഇന്നും പിതാവായ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തേക്കുറിച്ചു പ്രസംഗിക്കുകയും പഠിപ്പിക്കയും പ്രഘോഷിക്കയും ചെയ്യുന്നുണ്ട്. വിശ്വസിക്കുന്നവർക്കു മാത്രമേ രക്ഷയുള്ളൂ. വിശ്വസിക്കാത്തവർ എന്നെന്നേക്കുമായി നശിച്ചുപോകും എന്നതാകുന്നു ദുഃഖസത്യം. നമ്മോട് "നിങ്ങൾ പോയി പറയുക" എന്ന നമ്മുടെ കല്പന നാം അനുസരിച്ച് നമ്മളാലാവോളം ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗത്തേക്കുറിച്ച് പ്രഘോഷിക്കുവാൻ നാം കടമ്പെട്ടവരാകുന്നു. അനുസരിക്കുന്നവർക്കു മാത്രമേ രക്ഷയുള്ളൂ.

പ്രിയമുള്ളവരേ, "സുവിശേഷത്തേക്കുറിച്ച് എനിക്കു ലജ്ജയില്ല: വിശ്വസിക്കുന്ന ഏവനും - അതു രക്ഷയ്ക്കായി ദൈവശക്തിയാകു

ന്നുവല്ലോ! അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും, വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു". ഈ ദൈവികസത്യമാണ് ചുവപ്പു ചരട് മൗനമായി വെളിപ്പെടുത്തിക്കൊണ്ടിരുന്നത്. രാഹാബും അവളുടെ പിതൃഭവനവും രക്ഷപ്രാപിച്ചു. അവരുടെ പേർ ജീവപുസ്തകത്തിൽ എഴുതിച്ചേർക്കപ്പെട്ടു. യെരിഹോപട്ടണം ഒന്നടങ്കം നശിപ്പിക്കപ്പെട്ടപ്പോൾ അവർ എത്ര അത്ഭുതകരമായിട്ടാണ് രക്ഷപ്പെട്ടത്. പ്രിയമുള്ളവരേ, ഈ ഭൂമിയും അതിലുള്ളവയൊക്കെയും വെന്തുരുകുവാനുള്ള കാലം ആസന്നമായിരിക്കയാകുന്നു. കൃപയാലെ വിശ്വാസംമൂലം ദൈവമക്കളായിതീർന്ന നമുക്കു ഭയപ്പെടാനില്ല. പക്ഷെ നമ്മുടെ കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ ഇവരിലാരെങ്കിലും നശിച്ചുപോയാൽ അതെത്ര ദുഃഖകരമായിരിക്കും. നാം ഉത്തരവാദികളായി എണ്ണപ്പെടേണ്ടിവരും എന്നോർക്കുക. നമുക്കു ലഭിച്ച ഇത്ര വലിയ രക്ഷയേക്കുറിച്ചു മറ്റുള്ളവരോടു പങ്കുവയ്ക്കുവാൻ നമുക്കുത്സാഹിക്കാം. നമ്മുടെ വ്യക്തികളിലും, ഭവനങ്ങളിലും ആ ചുവപ്പു ചരടാകുന്ന രക്ഷയുടെ സന്ദേശം വെളിപ്പെടുത്തുന്ന കിളിവാതിലാക്കിത്തീർക്കാം. അതിനായി കർത്താവു നമ്മെ സഹായിക്കട്ടെ.

**എൽസി ബേബി, ന്യൂയോർക്ക്**

## Quest 7-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. സൂസൻ തോമസ്സ്, പട്ടം

**90% ശരി ഉത്തരങ്ങൾ അയച്ചവർ**

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ
2. സൂസമ്മ എബ്രഹാം, കോത്തല
3. ലൈല കെ. വിക്ടർ, പേരൂർക്കട
4. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
5. ലീല കെ.വി., പുളിക്കൽ കവല
6. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
7. ജോളി ഷാജി, കരുവാറ്റ, അടൂർ
8. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ
9. ബീനാ സുരേഷ്, കരകുളം
10. സ്മിത ഷിബു, വെങ്ങാന്നൂർ
11. സുജ സുനിൽ, ആറാം കല്ല്
12. സജനി ഔസേഫ്, പോങ്ങുംമൂട്
13. വിദ്യാ ബാബു, പാറോട്ടുകോണം
14. ലൈസ സാമുവേൽ, മുംബൈ
15. വിനിത ബി. പോത്തൻകോട്, തിരുവനന്തപുരം
16. സുമ റെജി, തൃക്കണ്ണമംഗൽ
17. ആനി ജോൺസൻ, ചെമ്മന്തൂർ
18. രശ്മി സിജു, കുറ്റിയാണി
19. ലീലാ എബ്രഹാം, യു.എസ്.എ.
20. മേഴ്സി ജേക്കബ്, ഓമല്ലൂർ

**ക്വെസ്റ്റ് 7-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**
**ക്വിസ് മാസ്റ്റർ**

# യഹോവയുടെ ഉപകാരങ്ങൾ ഒന്നും മറക്കരുത്

ദൈവത്തിന്റെ അതിപരിശുദ്ധനാമത്തിന് മഹത്ത്വം. യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് തന്റെ പേരിൽ തന്നെ 73 സങ്കീർത്തനങ്ങൾ എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള ശീർഷകം കൂടാതെയുള്ള സങ്കീർത്തനങ്ങളിൽ പലതും ദാവീദാണ് എഴുതിയിരിക്കുന്നതെന്ന് വേദ പഠിതാക്കൾ അഭിപ്രായപ്പെടുന്നു. ദൈവമക്കൾ എക്കാലത്തും വായിച്ച് ആസ്വദിക്കുന്ന, ആശ്വാസവും സന്തോഷവും, സമാധാനവും കണ്ടെത്തുന്ന സങ്കീർത്തനങ്ങളിൽ എന്തുകൊണ്ടും വിലപ്പെട്ടതാണ് സങ്കീർത്തനം 103. ദൈവപൈതൽ ഈ ലോകജീവിതത്തിൽ നേരിടുന്ന പ്രതികൂലങ്ങളിൽ പ്രതിസന്ധികളിൽ ദൈവം എങ്ങനെ ഇടപെടുന്നു, നാം ദൈവത്തോടു എങ്ങനെ കടമ്പെട്ടിരിക്കുന്നു, നാം നന്ദിയുള്ളവരായിരിക്കേണ്ട ആവശ്യം ഇതൊക്കെ നമുക്കു കാട്ടിത്തരുന്നു. ദാവീദ് തന്റെ മനസ്സിനോടും, സർവ്വാന്തരംഗങ്ങളോടും പറയുകയാണ് ദൈവം ചെയ്ത ഉപകാരങ്ങൾ മറക്കരുത് എന്ന്. നന്ദിയോടെ ദൈവത്തെ സ്തുതിച്ചു പാടി ജീവിക്കണം.

“എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു” (സങ്കീ. 103:1,2) ദാവീദ് തന്നോടുതന്നെ പറയുകയാണ്, ഓർമ്മിപ്പിക്കുകയാണ് കാരണം മനുഷ്യർ മറക്കുന്നവരാണ്; നന്ദികേടും മറവിയും മനുഷ്യനിൽ അന്തർലീനമാണ്. തുടർന്നുള്ള ഭാഗങ്ങൾ ദൈവം നമുക്ക് ചെയ്ത ഉപകാരങ്ങൾ എണ്ണി എണ്ണി പറഞ്ഞിരിക്കുകയാണ്. അവ ഒന്നുപോലും മറക്കരുത് എന്നാണ് ദാവീദ് മനസ്സിനെ ഓർമ്മപ്പെടുത്തുന്നത്. ഈ സങ്കീർത്തനം താൻ പാടുമ്പോൾ നമുക്കറിയാം ദാവീദ് തന്റെ ജീവനു വേണ്ടി തന്നെ കൊല്ലുവാൻ സർവ്വ സന്നാഹത്തോടുംകൂടെ ഓടി അടുക്കുന്ന ശൗലിന്റെയും, കൂട്ടരുടെയും കൈയിൽ അകപ്പെടാതെ വനാന്തരങ്ങളിലേക്കും, ദുർഗ്ഗങ്ങളിലേക്കും മറ്റും ഓടിപ്പോകുകയാണ്. ഏതു നേരവും താൻ ശത്രുവിന്റെ കൈയിൽ അകപ്പെടാം. എന്നാൽ താൻ ആശ്രയിക്കുന്ന യഹോവ തന്നെ വിടുവിക്കുവാൻ ശക്തനാണെന്നു അറിയാം. ദൈവപൈതലേ നമ്മുടെ കർത്താവിനറിയാം നാം മറവിയുള്ളവരാണെന്ന്. അതുകൊണ്ടാണ് ദൈവമക്കൾക്ക് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾതോറും ആചരിക്കുവാനായി ഒരു ഓർമ്മയുടെ ശുശ്രൂഷ കല്പനയായി തന്നിരിക്കുന്നത്. (1 കൊരി. 11:23-24)

യഹോവ നമുക്കു ചെയ്തുതന്ന ഏറ്റവും വലിയ ഉപകാരം നമ്മുടെ പ്രാണന്റെ വീണ്ടെടുപ്പ്, മനുഷ്യർക്കാർക്കും ചെയ്തു തരുവാൻ സാദ്ധ്യമല്ല. സങ്കീർത്തനം 116-ന്റെ ചില വാക്യങ്ങൾ നോക്കാം. യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്ക് ചായിച്ചതുകൊണ്ട് ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും. അധമപാതാളത്തിൽ അയ്യം വിളിച്ചു കിടന്നിരുന്ന പാപികളായിരുന്ന നമ്മെ അവിടേക്കു ഇറങ്ങി വന്നു സ്വന്തജീവൻ മറുവിലയായിക്കൊടുത്തു, സ്വന്ത രക്തത്താൽ പാപക്കറ കഴുകിക്കളഞ്ഞു നിത്യജീവൻ തന്നു വീണ്ടെടുത്തു സ്വന്തമക്കളാക്കി, സ്വർഗ്ഗീയ പൗരന്മാരായി, സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്ന ഉപകാരം. “അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു. അവൻ നിന്റെ ജീവനെ നാശത്തിൽ നിന്നു വീണ്ടെടുക്കുന്നു. അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു” (സങ്കീ. 103:3-4). ആർക്കും ചെയ്തു തരുവാൻ കഴിയാത്ത സകല അകൃത്യവും പോക്കി പ്രാണനെ നാശത്തിൽ നിന്നും വീണ്ടെടുത്ത ഉപകാരം. എപ്പോഴും ഓർത്ത് നന്ദിയോടെ അവനെ സ്തുതിക്കണം. രക്താംബരംപോലെ കടുംചുവപ്പായിരുന്ന നമ്മുടെ പാപം പ്രിയപുത്രന്റെ കാല്വരിക്രൂശിൽ ചൊരിഞ്ഞ അതിപരിശുദ്ധമായ രക്തത്താൽ കഴുകി വെടിപ്പാക്കി നമ്മെ മക്കളാക്കി, അവകാശികളാക്കി നമ്മുടെ വിശ്വാസത്താൽ മാത്രം. ഇതിനു പ്രത്യുപകാരമായി നമ്മുടെ അധരഫലമെന്ന സ്തോത്രയാഗം, നന്ദിയുള്ള ഹൃദയം അല്ലാതെ മറ്റൊന്നും കൊടുക്കേണ്ട, ‘ഈ ഉപകാരം ചെയ്യുവാൻ യോഗ്യനല്ല ഞാൻ, നീ കൃപ കാട്ടി നായകാ, ജീവദായകാ-മനുവേലാ വന്ദനം’. പാട്ടുകാരനോടു ചേർന്നു നമുക്കും ഹൃദയംഗമായി പാടി ആരാധിക്കാം.

“സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന്നു അവനെ വീണ്ടെടുപ്പാനോ ദൈവത്തിന്നു വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴികയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പു വിലയേറിയതു, അതു ഒരു നാളും സാധിക്കുകയില്ല“ (സങ്കീ. 49:7-9), ഈ അവസ്ഥയിലാണ് സാക്ഷാൽ ദൈവമായിരുന്ന യേശുക്രിസ്തു, സമ്പൂർണ്ണ മനുഷ്യവേഷം എടുത്തു, എന്നാൽ പാപം ഇല്ലാത്തവനായി പാപം ചെയ്യാത്തവനായി, പാപം അറിയാത്തവനായി വന്നു നമുക്കുവേണ്ടി പാപം ആക്കപ്പെട്ടു സകല കഷ്ടവും നിന്ദയും പരിഹാസവും സഹിച്ച് കാൽവരി ക്രൂശിൽ പരമയാഗമായിത്തീർന്ന്, ദൈവത്തിനു മറുവിലകൊടുത്തു നമ്മെ വീണ്ടെടുത്തത്.

"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു". അവൻ നിന്റെ സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു, പാപരോഗമാണ് സകലരോഗങ്ങളും എന്നതിനാൽ അർത്ഥമാക്കുന്നത്. അതേ, യേശുക്രിസ്തുവിന് ശാരീരികരോഗം സൗഖ്യമാക്കുവാൻ കഴിയും. വാസ്തവം തന്നെ. ഭൂമിയിലായിരുന്നപ്പോൾ അനേക രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തു. ഇന്നും കഴിയും. എന്നാൽ ഇവിടെ പാപരോഗത്തെക്കുറിച്ചാണ് പറയുന്നത്. ദൈവമക്കൾക്കും രോഗവും കഷ്ടവും എല്ലാം ഉണ്ട്. ഒരു പക്ഷേ മറ്റുള്ളവരെക്കാൾ ഏറെയും കണ്ടെന്നിരിക്കും. കഷ്ടങ്ങൾ വരമാണ് എന്തിനായിട്ട്? ദൈവത്തെ മറക്കാതിരിപ്പാൻ, കർത്താവിന്റെ കഷ്ടാനുഭവങ്ങൾക്കു പങ്കാളികൾ ആകുവാൻ, കർത്താവിനെ അധികം അധികം രുചിച്ചറിയുവാൻ മറ്റുള്ളവരുടെ കഷ്ടങ്ങളിൽ സഹതാപം കാണിക്കുവാൻ, സഹായിപ്പാൻ, പരിചരിപ്പാൻ ആശ്വാസമാകുവാൻ നാം തന്നെ കഷ്ടങ്ങളിൽ കൂടെകടന്നുപോകണം ചിലരെ കർത്താവിനായി നേടാനും കഷ്ടാനുഭവങ്ങൾ ഇടയാക്കുന്നു. ബലഹീനതയിൽ തികഞ്ഞു വരുന്ന ദൈവകൃപ അതിനു നമ്മെ സഹായിക്കും. ജഡത്തിലെ ശൂലം നമുക്കു തരും. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു" (ഫിലി. 4:13).

ദയയും കരുണയും നമ്മെ അണിയിച്ചിരിക്കുന്നു. നമുക്കു തന്നിരിക്കുന്ന നമ്മെ അണിയിച്ചിരിക്കുന്ന കിരീടമാണ് ദയ കരുണ. "നിന്റെ യൗവനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തി വരുത്തുന്നു". അതേ ദൈവമക്കൾ തൃപ്തിയുള്ളവരാണ്, ആകണം. കഴുകൻ പക്ഷികളിൽ ദീർഘായുസ്സുള്ളവയാണ്. 70 വർഷത്തോളം രണ്ടു ഘട്ടങ്ങളിലായിട്ടാണ് ഏതാണ്ട് 40 വർഷം കഴിയുമ്പോൾ തൂവലുകൾ, ചുണ്ടുകൾ, നഖം എല്ലാം കൊഴിഞ്ഞ് ചില നാളുകൾ വിശ്രമിക്കുമ്പോൾ പുതുതായി പോയ തൂവലെല്ലാം തിരികെ ലഭിച്ച് യൗവ്വനയുക്തയായി ഏതാണ്ട് 30 വർഷം കൂടെ ജീവിക്കും. അതാണ് യൗവനം കഴുകനേപ്പോലെ പുതുകി വരുന്നത്. ദൈവപൈതലേ നാം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ്. നന്മകൊണ്ട് തൃപ്തിവരുത്തുന്ന ദൈവം നമുക്കുണ്ട്. അവന്റെ ഉപകാരങ്ങൾ ഓർത്ത് സംതൃപ്തരായി ക്രിസ്തീയജീവിതം നയിക്കാം. ദൈവനാമം മഹത്ത്വപ്പെടുമാറാകട്ടെ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# യുക്തിയുടെ പിന്തുണയില്ലാത്ത അനുസരണം

നയമാന്റെ ജീവിതാനുഭവ വിവരണത്തിൽ ഏറ്റവും ലളിതമായ കാര്യങ്ങളെ സങ്കീർണ്ണമാക്കുന്നതും യുക്തിയുടെ പിൻബലത്തോടെ അവയെ പരിഹരിക്കുന്നതും വളരെ വ്യക്തമായി കാണാം.

കവർച്ചപ്പടയിൽ പിടിക്കപ്പെട്ട യിസ്രായേല്യ പെൺകുട്ടിയുടെ ലളിതമായ സന്ദേശം പലരിലൂടെ കൈമാറി സങ്കീർണ്ണമായ ഒരു സാഹചര്യത്തിലേക്ക് എത്തിച്ചേരുന്നതാണ് ആദ്യം നാം കാണുന്നത്. യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു. (2 രാജാ. 5:3) എന്നിങ്ങനെയായിരുന്നു ആ ചെറിയ പെൺകുട്ടി തന്റെ യജമാനത്തിയോട് പറഞ്ഞത്. ഇതിനെക്കാൾ ലളിതമായോ വ്യക്തമായോ അക്കാര്യം അവതരിപ്പിക്കുവാൻ മറ്റാർക്കും സാധ്യമല്ല. എവിടെ ചെല്ലണമെന്നും ആരുടെ അടുക്കലാണ് എത്തേണ്ടതെന്നും അവളുടെ വാക്കുകളിൽ വളരെ വ്യക്തമായിരുന്നു.

എന്നാൽ ഈ സന്ദേശം യജമാനത്തിയിൽ നിന്നും യജമാനനിലേക്കും, യജമാനനും കുഷ്ഠരോഗിയുമായ നയമാനിൽ നിന്ന് അരാം രാജാവിലേക്കും അവിടെ നിന്ന് യിസ്രായേൽ രാജാവിലേക്കും എത്തിച്ചേർന്നപ്പോൾ അതിൽ പ്രവാചകനെക്കുറിച്ചുള്ള ഒരു പരാമർശം പോലും ഉണ്ടായിരുന്നില്ല. യിസ്രായേൽ രാജാവ് എഴുത്തു വായിച്ചപ്പോൾ വസ്ത്രം കീറി. അവൻ ഇതാ കുഷ്ഠരോഗം മാറ്റിക്കൊടുക്കേണ്ടതിന് ഒരാളെ എന്റെ അടുക്കൽ അയച്ചിരിക്കുന്നു, മരിപ്പിക്കയും ജീവിപ്പിക്കയും ചെയ്‌വാൻ ഞാൻ ദൈവമോ? നോക്കുവിൻ, അവൻ ഇതിനാൽ എന്നോട് ശണ്ഠക്ക് കാരണം അന്വേഷിക്കയല്ലയോ എന്നു പറഞ്ഞു. യിസ്രായേൽ രാജാവ് ഇങ്ങനെ പ്രതികരിച്ചതിന് കാരണം ആ സന്ദേശത്തിലെ അവ്യക്തതയായിരുന്നു. അത് ഒരു യുദ്ധത്തിനുള്ള ആഹ്വാനമായിട്ടുപോലും രാജാവ് തെറ്റിദ്ധരിച്ചു. അവൻ എന്റെ അടുക്കൽ വരട്ടെ എന്നു ദൈവപുരുഷനായ എലീശ അറിയിച്ചതോടെ അതിസങ്കീർണ്ണമായിത്തീരാവുന്ന ആ സാഹചര്യത്തിനു അയവു വന്നു.

ഏറ്റവും ലളിതമായൊരു രോഗനിവാരണമാർഗ്ഗം എലീശ നിർദ്ദേശിച്ചതോടെ സങ്കീർണ്ണമായ മറ്റൊരു സാഹചര്യമുണ്ടായി. നീ ചെന്ന് യോർദ്ദാനിൽ ഏഴു പ്രാവശ്യം കുളിക്ക; അപ്പോൾ നിന്റെ ദേഹം മുമ്പിലത്തെപ്പോലെയായി നീ ശുദ്ധനാകും എന്നതായിരുന്നു എലീശാപ്രവാചകൻ നിർദ്ദേശിച്ച പോംവഴി. എന്നാൽ നയമാന് അത് അംഗീകരിക്കുവാൻ കഴിയാത്ത

അത്ര ലളിതമായിരുന്നു. അരാം രാജാവിന്റെ സേനാപതി എന്ന അധികാരവും അഹങ്കാരവും ആ രോഗനിവാരണമാർഗ്ഗം അംഗീകരിക്കുന്നതിനും അനുസരിക്കുന്നതിനും അവനൊരു വിലങ്ങുതടിയായി. അവൻ ക്രോധത്തോടെ മടങ്ങിപ്പോകുവാൻ സന്നദ്ധനായി. രോഗസൗഖ്യത്തിന്റെ പടിവാതില്ക്കലെത്തിയിട്ടും സൗഖ്യമാകാതെ മടങ്ങിപ്പോകാവുന്ന സാഹചര്യത്തിലാണ് നയമാന്റെ ഭൃത്യന്മാരുടെ ഏറ്റവും ലളിതമായൊരു യുക്തി ഫലം കണ്ടത്. പ്രവാചകൻ വലിയോരു കാര്യം നിന്നോടു കല്പിച്ചിരുന്നുവെങ്കിൽ നീ ചെയ്യാതെ ഇരിക്കുമോ? പിന്നെ അവൻ: കുളിച്ച് ശുദ്ധനാക എന്നു നിന്നോടു കല്പിച്ചാൽ എത്ര അധികം എന്നു പറഞ്ഞു. ദൈവപുരുഷനായ എലീശയുടെ ലളിതമായ കല്പന അനുസരിക്കുന്നതിന് ഭൃത്യന്മാരുടെ ലളിതമായ യുക്തിയും കൂടെ നയമാന് ആവശ്യമായിരുന്നു. നയമാൻ യോർദ്ദാനിൽ ഏഴ് പ്രാവശ്യം മുങ്ങുകയും ശുദ്ധനായിത്തീരുകയും ചെയ്തു.

സ്വയത്തിന്റെയും ജഡത്തിന്റെയും പെട്ടെന്നുള്ള പ്രതികരണങ്ങളാണ് യിസ്രായേൽ രാജാവിന്റെയും നയമാന്റെയും ഭാഗത്തുനിന്നുണ്ടായത്. തികച്ചും ലളിതമായ സാഹചര്യങ്ങളെ സങ്കീർണ്ണമാക്കുന്നതും കൂടെയുള്ളവരുടെ ഇടപെടലുകളിലൂടെ അവ പരിഹരിക്കപ്പെടുന്നതുമാണ് ഈ രണ്ടു സന്ദർഭങ്ങളിലും കാണുന്നത്. ഏറ്റവും ലളിതമായൊരു സന്ദേശം, ലളിതമായൊരു രോഗനിവാരണ മാർഗ്ഗം, ലളിതമായൊരു യുക്തി ഇവ മൂന്നും ചേർന്നപ്പോഴാണ് പ്രശ്നം ലളിതമായി പരിഹരിക്കപ്പെട്ടത്. സുവിശേഷവും ദൈവിക സന്ദേശങ്ങളും ഏറ്റവും ലളിതവും സൗജന്യവുമാണ്. ദൈവിക കല്പനകളും അപ്രകാരം തന്നെ ലളിതമാണ്. “ഞാൻ ഇന്ന് നിന്നോടു ആജ്ഞാപിക്കുന്ന ഈ കല്പന നിനക്കു പ്രയാസമുള്ളതല്ല, ദൂരമായുള്ളതുമല്ല” എന്ന് ആവർത്തനം 30:11 -ൽ നാം വായിക്കുന്നുണ്ട്. അതിന് യാതൊരു യുക്തിയുടെയും ആവശ്യമില്ല. അതിന്റെ വരുംവരായ്കകൾ ആലോചിച്ച് സങ്കീർണ്ണമാക്കുവാനും ആവശ്യമില്ല. ആഴമായി വിശ്വസിക്കുക, അനുസരിക്കുക. അത് മാത്രമേ ആവശ്യമുള്ളൂ.

യുക്തിയുടെ പിന്തുണയും വിശകലനവും കൂടാതെ യാതൊരു തീരുമാനവും കൈക്കൊള്ളാനാവാത്ത ഒരു കാലഘട്ടത്തിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ലളിതമായ തിരുവചന സന്ദേശം ലളിതമായി അംഗീകരിക്കയും അനുസരിക്കയും മാത്രമാണ് നമുക്കു വേണ്ടത്. ജഡികമായ ചിന്തകളിലൂടെ ദൈവിക സന്ദേശങ്ങളെ സങ്കീർണ്ണമാക്കാതിരിക്കയും വേണം. അതെ, “അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല” (1 യോഹ.5:3) അവ ലളിതവും ഭാരമില്ലാത്തതും അനുസരിക്കുവാൻ യോഗ്യവുമാണ്. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# നഷ്ടപ്പെട്ട മുതൽ

ദൈവം മനുഷ്യനെക്കുറിച്ച് ആഗ്രഹിക്കുന്നത് അവൻ സത്യ ദൈവത്തെ അറിയണം. അഥവാ, മനുഷ്യൻ സ്രഷ്ടാവിങ്കലേക്കു തിരികെ വരണം. ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കണം, സുവാർത്ത പ്രഘോഷിക്കണം.പൗലൊസ് പറയുന്നത്- 2 കൊരി. 5:9 വായിക്കുക. സ്നാപകയോഹന്നാൻ പറയുകയാണ് ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. നമ്മുടെയും ദൗത്യമാണ് ആ കുഞ്ഞാടിനെ ലോകത്തിനു ചൂണ്ടിക്കാണിച്ചു കൊടുക്കുക എന്നത്.

ലൂക്കൊസ് 15:1-7 വാക്യങ്ങളിൽ 99-നെയും മരുഭൂമിയിൽ വിട്ടേച്ച് കാണാതെപോയ ഒന്നിനെത്തേടിപ്പോകുന്ന ഇടയനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. എന്തൊരു മണ്ടത്തരം എന്നു നാം കരുതിയേക്കാം- അല്ല, കാരണം 99 ഉം സുരക്ഷിതരാണെന്ന് ഇടയന് അറിയാം. എന്നാൽ കാണാതെ പോയ ആ ഒന്ന് വഴി തെറ്റിപ്പോയിരിക്കുകയാണ്. വല്ല അപകടത്തിലും പെട്ടുകാണും എന്ന് ചിന്തിച്ചു. തേടിപ്പോകുന്നു. കണ്ടെത്തുംവരെ അന്വേഷിക്കുന്നു. ഇടയന് ഓരോ ആടും വിലയേറിയതാണ്. നമ്മുടെ ശ്രേഷ്ഠ ഇടയന് ഓരോ വ്യക്തിയും വിലപ്പെട്ടതാണ്. ലൂക്കൊസ് 15:8-10 വാക്യങ്ങളിൽ 9 ദ്രഹ്മ ഉണ്ടായിട്ടും കാണാതെ പോയ ഒന്നിനു വേണ്ടി വീടും പരിസരവുമെല്ലാം അരിച്ചു പെറുക്കുന്ന സ്ത്രീ. തൂശി പോയാൽ കുടത്തിലും നോക്കണമല്ലോ.

ആദ്യത്തെ രണ്ടു ഉപമകളിൽ, നഷ്ടപ്പെട്ടതിനെ ഉടമസ്ഥർ തിരക്കിപ്പോകുന്നു. അതിന്റെ കാരണമെന്താണ്? അവ സ്വയം തിരികെ വരികയില്ല എന്നതുതന്നെ. നാം തന്നെയാണ് അതിനെ കണ്ടെത്തേണ്ടത്. 11-32 വാക്യത്തിലെ ഉപമയിൽ ഒരു മനുഷ്യൻ- ഇച്ഛാശക്തിയുള്ളവൻ- തിരിച്ചുവരണമോ വേണ്ടായോ എന്നു സ്വയം തീരുമാനിക്കുന്നു. നിർബ്ബന്ധിച്ച് കൊണ്ടുവരാൻ പാടില്ല. അവർ തന്നെ സ്വയമായി തീരുമാനിച്ചു മടങ്ങിവരേണ്ടതാണ്. നിർബ്ബന്ധിതമത പരിവർത്തനം പാടില്ല. ഇവിടെ അവന് മനഃപരിവർത്തനമാണാവശ്യം.

മൂന്നു ഉപമകളുടെ സംക്ഷേപം മൂന്നുവാക്കുകളിൽ വ്യക്തമാക്കാം. കാണാതെ പോയി, കണ്ടുകിട്ടി, സന്തോഷിക്കുക. മൂന്നു ഉപമകളിലെയും പ്രത്യേകത എന്ന് പറയുന്നത് വിലയേറിയ എന്തോ ഉടമസ്ഥർക്കു നഷ്ടപ്പെട്ടു. ഇടയന് ഒരാട് വളരെ വിലപ്പെട്ടതായിരുന്നു അവന്റെ ആദായത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു.

സ്ത്രീക്ക് നാണയം വിലപ്പെട്ടതായിരുന്നു: യഹൂദപ്പെൺകൊടികൾ വിവാഹിതരാകുമ്പോൾ അതിന്റെ അടയാളമായി 10 വെള്ളിനാണയങ്ങൾ പതിച്ച ഒരു ബെൽറ്റ് തലയിൽകെട്ടുക പതിവായിരുന്നു-അതിൽ ഒരെണ്ണമാണ് ഇവൾക്കു നഷ്ടമായത്. അതുവലിയ പ്രശ്നം തന്നെ. മുടിയൻ പുത്രനെന്നു നാം വിശേഷിപ്പിക്കുന്ന മകന്റെ അപ്പന് ആ മകൻ വളരെ വിലപ്പെട്ടതായിരുന്നു. മുടിയൻ പുത്രന്റെ ഉപമയെന്ന് ഈ ഉപമയെ വിശേഷിപ്പിക്കുന്നതു ശരിയല്ല. സ്നേഹനിധിയായ പിതാവിന്റെ ഉപമയെന്ന് വിളിക്കുന്നതാവും കൂടുതൽ ശരി.

ഈ ഉപമകളിലൂടെ കർത്താവു എന്താണു നമ്മെ പഠിപ്പിക്കുന്നത്? കാണാതെ പോയ ആട്ടിൻകുട്ടി, കാണാതെ പോയ നാണയം, വീടുവിട്ടു പോയ മകൻ ഇവയെല്ലാം ഉടമസ്ഥർക്കു വിലയേറിയതാണ്. നഷ്ടപ്പെട്ട മുതൽ എത്രമാത്രം വിലയേറിയവ ആയിരുന്നു? നമ്മുടെ എന്തെങ്കിലും സാധനം നഷ്ടപ്പെട്ടിട്ടുണ്ടോ? 100-ൽ ഒരേ ഒരാടേ കാടുകയറിപ്പോയുള്ളു. "പോണാൽ പോകട്ടും പോടാ" എന്ന് ഇടയൻ വിചാരിച്ചില്ല. പിന്നെന്താണു ചെയ്തത്? കണ്ടുകിട്ടുന്നതുവരെയും അതിനെ തിരഞ്ഞു. ദ്രഹ്മ അഥവാ, നാണയം കാണാതെ പോയ സ്ത്രീ എത്രസമയം അതു നോക്കി. ഓ, ഈ വീട്ടിൽ വെട്ടവുമില്ല, വെളിച്ചവുമില്ല. എനിക്കുവേറേ പണിയൊന്നുമില്ലാത്തതു പോലെ ഒരു നാണയം തപ്പി നടക്കയോ- തലക്കെട്ടിൽ നിന്നും ഒരെണ്ണം പോയാൽ ആരറിയാനാ? ഏതായാലും 9 ബാക്കിയുണ്ടല്ലോ എന്നവൾ സമാധാനിച്ചുവോ? ഇല്ല; കണ്ടെത്തുന്നതുവരെ അവൾ വീട് അടിച്ചുവാരി, പിന്നെയും വേയ്സ്റ്റിലൊക്കെ തപ്പി അവസാനം അതു കണ്ടെത്തുന്നു.

ഇനി, ആ അപ്പന്റെ കാര്യം നമുക്ക് ആലോചിക്കാം. അവൻ അല്ലേലും കൊള്ളരുതാത്തവൻ ആയിരുന്നു-അല്ലെങ്കിൽ പിന്നെ ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അവകാശംവേണമെന്ന് അവൻ ആവശ്യപ്പെടുമോ. അവൻ തല തിരിഞ്ഞവൻ പോയെങ്കിൽ പോകട്ടെ. ഞാൻ പറഞ്ഞാൽ അനുസരിക്കുന്ന ഒരു നല്ല മകൻ കൂടെയുണ്ടല്ലോ? അവനാണെങ്കിൽ വയലിൽ പോയി വേലക്കാരുടെകൂടെ നിന്ന് തൂമ്പായെടുത്ത്കിളയ്ക്കും. നല്ല അനുസരണമുള്ള മകൻ എന്ന് ആ പിതാവു കരുതിയോ? ഒരിക്കലുമില്ല. ആ അപ്പനാകട്ടെ മകൻ ദൂരത്തേക്കു പോയ ദിവസംമുതൽ അവൻ മടങ്ങിവരുന്നോ എന്നു നോക്കി ദൂരത്തേക്കു കണ്ണും നട്ടിരിക്കയാണ്. നഷ്ടപ്പെട്ട മകന്റെ തിരിച്ചുവരവിനായി.

യേശുക്രിസ്തുഎന്തിനാണു ഈ ലോകത്തിൽ വന്നത്? കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്. എപ്പോൾ വരെയാണു തിരച്ചിൽ? കണ്ടെത്തുന്നതുവരെ. അത്ര പ്രാധാന്യമുള്ള കാര്യങ്ങളാണ് നഷ്ടപ്പെട്ടത്. അവയെ കണ്ടെത്തിയ പ്പോഴത്തെ സ്ഥിതിയോ? **1.** ആടിനെ കണ്ടപ്പോൾ- 15:6, **2.** ദ്രഹ്മ കണ്ടെ ത്തിയപ്പോൾ 15:9, **3.** മകൻ മടങ്ങിവന്നപ്പോൾ. 15:24.

ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ എന്തൊരു സന്തോ ഷമാണ്.ഞാനും നിങ്ങളും ഒക്കെ രക്ഷിക്കപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ വലിയ പാർട്ടി നടന്നുകാണും.നമ്മൾ ശ്രമിച്ചാൽ സ്വർഗ്ഗത്തിൽ എന്നും നമ്മുടെ കെയർഓഫിൽ വിരുന്നായിരിക്കും. അതെങ്ങനെയെന്നോ? നാം മറ്റുള്ളവരോടു സുവിശേഷം അറിയിച്ച് അവർ രക്ഷിക്കപ്പെടു മ്പോൾ. നാം എന്തുകൊണ്ട് സുവിശേഷം അറിയിക്കണം? കർത്താ വിന്റെ കല്പനയാണത്. അപ്പൊസ്തല പ്രവൃത്തി 1:8 നമ്മെ ദൈവം ഇവിടെ ആക്കിവച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം? ദൈവത്തെ ആരാധി ക്കാനും, കർത്താവിനെ പ്രതിനിധീകരിക്കുന്നതിനും. യേശുക്രിസ്തു ആർക്കുവേണ്ടിയാണ് ഈ ഭൂമിയിൽവന്നതും മരിച്ചതും? ദൂതന്മാർ ക്കുവേണ്ടിയോ? അല്ല. നമുക്കുവേണ്ടി. നാം അനുഭവിക്കുന്ന സന്തോഷം നമ്മുടെ അനുഭവത്തിൽ നിന്നും നമുക്കു മറ്റുള്ളവരോടു പറയാൻ കഴിയുന്നു. കർത്താവു പുനരുത്ഥാനശേഷം സ്വർഗ്ഗത്തിൽ മടങ്ങിയെ ത്തിയപ്പോൾ ഗബ്രിയേൽ ചോദിക്കുന്നു- ഇനി ആരാണ് മറ്റുള്ളവരോടു സുവാർത്ത അറിയിക്കുന്നതെന്ന്. അതുഞാൻ പത്രൊസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയവരോടു പറഞ്ഞ് ഏല്പിച്ചിട്ടാണു പോന്നത്. അവർ മറ്റുള്ളവരോടു പറയും. മറ്റുള്ളവർ മറ്റുള്ളവരോട്.

അങ്ങനെ ലോകം മുഴുവനും അറിയിക്കും. നാം തന്നെയാണ് സുവിശേഷം അറിയിക്കേണ്ടത്. നാം പറഞ്ഞില്ലെങ്കിലോ? വേറേ ഏർപ്പാടു വല്ലതും ഉണ്ടോ, വേറൊരേർപ്പാടുമില്ല. നാം ഓരോരുത്തരും അത് ചെയ്യണം.

യേശുവിനെ അറിയാതെ ജീവിക്കുന്നവരുടെ ഭയാനകമായ ഭാവി ഓർക്കുമ്പോൾ സുവിശേഷം അറിയിക്കുവാൻ നമുക്ക് പ്രേരണ ഉണ്ടാകണം. എന്തുകൊണ്ടാണ് നാം സുവിശേഷം അറിയിക്കാത്തത്?

1. നമുക്കു താത്പര്യമില്ല. 2. നമുക്കു സാക്ഷ്യമില്ല.
3. നമുക്കു പേടിയാണ്-ലജ്ജ. (റോമർ 1:16)
4. അടുത്ത് അറിയാത്ത ആളിനെ പരിചയപ്പെടുത്താൻ വിഷമമാണ്.

ഒന്നാമതായി സത്യദൈവത്തെ അറിയണം. അറിയാത്തവർ ആരെങ്കിലും ഇത് വായിക്കുന്നുണ്ടെങ്കിൽ ഇന്നു തന്നെ തീരുമാനം എടുക്കണം. അതിന് ദൈവം സഹായിക്കട്ടെ.

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

# കറുത്ത ആഫ്രിക്കയിലെ വെളുത്തമ്മ - മേരി സ്ലെസർ

കുരുത്തംകെട്ട ആൺകുട്ടികളുടെ ഒരു കൂട്ടം ഒരു കൊച്ചു പെൺകുട്ടിയെ വളഞ്ഞുനിർത്തി അവളുടെ തലക്കു മുകളിലൂടെ ഒരു ഇരുമ്പുഗോളം കയറിൽ കെട്ടി കറക്കിത്തുടങ്ങി. അപകടകരമായ ആ കളി അവളുടെ ധൈര്യം പരീക്ഷിക്കാനായിരുന്നു. ക്രമേണ കറക്കത്തിന്റെ സ്പീഡ് കൂടി, തലയ്ക്ക് വളരെ അടുത്തായി ഗോളം കറങ്ങിത്തുടങ്ങി. സംഘനേതാവിന് തന്നെ പേടിയായി. ഗോളം എങ്ങാനും തലക്കടിച്ചാൽ.... പക്ഷേ ആ കൊച്ചു പെണ്ണ് ഒന്ന് കണ്ണെങ്കിലും ചിമ്മണ്ടേ! ഒടുവിൽ കുട്ടിനേതാവ് സുല്ലിട്ടു. അവന്റെ ആയുധം തറയിൽ എറിഞ്ഞ് അവൻ പ്രഖ്യാപിച്ചു. ഇവളൊരു വീരത്തി തന്നെ!

**ശ്രീ മാനുവൽ പി. ജോസഫ് എഴുതിയ "പറഞ്ഞു തീരാത്ത കഥകൾ" എന്ന പുസ്തകത്തിൽ നിന്നുമാണിത്.**

സ്കോട്ട്ലൻഡിലെ ഡണ്ഡി എന്ന ചെറിയ ടൗണിൽ ഒരു ചെരുപ്പുകുത്തിയുടെ മകളായി പിറന്ന മേരി സ്ലെസർ ആയിരുന്നു ആ ധീരബാലിക. പിന്നീട് ആഫ്രിക്കയുടെ വെളുത്തമ്മ എന്ന അപര നാമത്തിൽ അറിയപ്പെടാൻ മാത്രം പ്രശസ്തയായിത്തീർന്ന ഒരു സുവിശേഷ പോരാളിയായ മിഷനറി വനിതയായി അവൾ തീർന്നു.

1842 ഡിസംബർ 2-നാണ് മേരി ജനിച്ചത്. ചെറുപ്പംമുതലേ അവൾ ഒരു പെൺ തെമ്മാടിയായിരുന്നു. തെരുവിലെ കമ്പനിക്കൂട്ടം മിക്കവാറും പോക്കിരിപിള്ളേരും. ഈ ഗ്രൂപ്പിനെ സ്ഥിരം ശ്രദ്ധിച്ചുകൊണ്ടിരുന്ന ഒരു വിധവ, ഇരുളുവീണ ഒരു വൈകുന്നേരം കുട്ടിക്കൂട്ടത്തെ വീട്ടിൽ കയറ്റി സുവിശേഷം പങ്കുവെച്ചു. പാപത്തിന്റെയും നരകത്തിന്റെയും ഭീകരത വർണിച്ച് ആ അമ്മ ഈ തെരുവുപിള്ളേരെ ജീവിതത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി. മേരി സ്ലെസർ അവളുടെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും അപ്പോഴാണ് തിരിച്ചറിഞ്ഞത്. അന്നുമുതൽ മേരി ക്രിസ്തുവിനുവേണ്ടി ജീവിക്കുവാൻ തീരുമാനിച്ചു.

മേരിയുടെ മാനസാന്തരം ആ കൂടുംബത്തിന് ഏറ്റവും അനുഗ്രഹമായി. കൂടിയനും ഉഴപ്പനുമായിരുന്ന ഭർത്താവിന്റെ അവഗണനയെ മറികടന്ന് മക്കളെ വളർത്താൻ കഠിനാധ്വാനം ചെയ്തുകൊണ്ടിരുന്ന അമ്മയെ മേരി തന്റെ സർവശ്രദ്ധയോടുംകൂടെ സഹായിക്കുവാൻ ആരംഭിച്ചു. രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ ഷൂ ഫാക്ടറിയിൽ

അവൾ ജോലി ചെയ്തു. എന്നും 5 മണിക്ക് തന്നെ എഴുന്നേറ്റ് പ്രഭാത ഭക്ഷണവും മറ്റു വീട്ടുജോലികളും ചെയ്ത ശേഷമായിരുന്നു അവളുടെ ഫാക്ടറി പണി. ഇടവേളകളില്ലാത്ത ജോലിക്കിടയിലും ധാരാളം വായിക്കാൻ സമയം കണ്ടെത്തിയ മേരിയെ പുസ്തകങ്ങൾ വളരെ അധികം സ്വാധീനിച്ചു. പള്ളിയിൽ സജീവമായതു കൂടാതെ ഒരു മിഷൻ സെന്ററിലെ വോളണ്ടിയറായി ടീച്ചിംഗും അവൾ ചെയ്തുപോന്നു.

1874-ൽ ഡോക്ടർ ഡേവിഡ് ലിവിംഗ്സ്റ്റന്റെ മരണവാർത്ത ഇംഗ്ലണ്ടിലെങ്ങും പുതിയ ഒരു മിഷൻ ആവേശം ഉണർത്തി. മേരി സ്ലെസർക്ക് മിഷനോട് അതിയായ താൽപര്യം ഉണ്ടായി. ഇതിനോടകം അപ്പൻ മരണപ്പെടുകയും കൂടപ്പിറപ്പുകളും അമ്മയും അൽപ്പം പച്ചപിടിക്കുകയും ചെയ്തിരുന്നു.

ആഫിക്കയിലെ ഖലബാർ മിഷനായിരുന്നു മേരിയുടെ ആവേശത്തെ ഉണർത്തിയത്. അമ്മയുടെ അനുഗ്രഹവും അനുവാദവും പെട്ടെന്നു തന്നെ കിട്ടി. സുഹൃത്തുക്കളാരും അനുകൂലിച്ചില്ല. എങ്കിലും പള്ളിയിലെ ഉത്തരവാദിത്തപ്പെട്ടവർ മേരിയുടെ ആഗ്രഹത്തെ മാനിച്ച് വേണ്ട പ്രോത്സാഹനം നല്കി. ഫോറിൻ മിഷൻ ബോർഡ് മേരിയെ എഡിൻബെർഗിൽ അയച്ച് ആവശ്യമായ പ്രാഥമിക ട്രെയിനിംഗ് നല്കി. ഖലബാർ ആയിരുന്നു ഇഷ്ടപ്പെട്ട മിഷൻഫിൽഡ് എങ്കിലും കർത്താവ് അയയ്ക്കുന്ന എവിടെയും പോകാൻ മേരി സ്വയം സജ്ജയാക്കി.

അങ്ങനെ ആ ദിവസം വന്നു. 1876 ആഗസ്റ്റ് 5-ാം തീയതി 28-ാമത്തെ വയസ്സിൽ മേരി സ്ലെസർ ലിവർപൂളിൽ നിന്നും ആഫ്രിക്കയിലേക്ക് കപ്പൽ കയറി. സെപ്തംബർ 11-ാം തിയ്യതി അവർ ആഫ്രിക്കൻ മണ്ണിൽ കാലുകുത്തി. നൈജീരിയായുടെ തെക്ക് കിഴക്കൻ ഭാഗത്തുള്ള ഒരു തുറമുഖ കേന്ദ്രമായിരുന്നു ഖലബാർ. ആഭിചാര ക്രിയകളും മനുഷ്യബലികളും സാമൂഹ്യജീവിതത്തിന്റെ സാധാരണ ഭാഗമായിരുന്ന ഒരു സംസ്കാരമായിരുന്നു അവിടുത്തേത്. ഒരു ഗോത്രമുഖ്യൻ മരിച്ചാൽ അയാൾക്ക് കൂട്ടായി ഒരു കൂട്ടം ആത്മാക്കളെ കൂടി അയയ്ക്കാൻ കൂട്ടക്കുരുതി നടത്തുന്ന രീതി നിലനിന്നിരുന്നു. ഗോത്രമുഖ്യന്റെ ഭാര്യമാർ ഏറ്റവും നന്നായി അണിഞ്ഞൊരുങ്ങണം. അതിനുശേഷം അവരെ ശ്വാസംമുട്ടിച്ച് കൊന്ന് മുഖ്യനോടുകൂടെ സംസ്കരിക്കും മനുഷ്യന്റെ തലയോട്ടി ആയിരുന്നു ഒരു പ്രധാന ആരാധനാ വസ്തു. ഇരട്ടകൾ ജനിച്ചാൽ അത് അവലക്ഷണമായി കരുതി കുട്ടികളെ കൊന്ന് കളഞ്ഞിരുന്നു. ഇരട്ടകളെ പ്രസവിച്ച മാതാവിനെ കാട്ടിലേക്ക് പറഞ്ഞുവിടും. പട്ടിണികിടന്നോ വന്യമൃഗങ്ങൾക്ക് ഇരയായോ മരിക്കണമെന്നായിരുന്നു വ്യവസ്ഥ.

മേരിയുടെ മിഷനറി ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈവിധ അന്ധവിശ്വാസങ്ങൾക്കെതിരെയായിരുന്നു. എവിടെയെങ്കിലും ഇരട്ടക്കുട്ടികൾ ജനിച്ചതായി വിവരം കിട്ടിയാൽ അവിടെ ചെന്ന് ആ കുട്ടികളെ സ്വന്തം വീട്ടിലേക്ക് കൊണ്ടുവരും. ഈ കുട്ടികൾക്ക് യാതൊരു അപാകതയും ഇല്ല എന്ന് ആ നാട്ടുകാർക്ക് ബോധ്യമാകുവാൻ മേരിയുടെ ഈ പരിശ്രമത്തിലൂടെ സാധിച്ചു. ആഭിചാര ക്രിയകളുടെ ഭാഗമായി തിളച്ച എണ്ണയിൽ കൈ മുക്കുകയും, വിഷം കഴിപ്പിക്കുകയും ചെയ്യുന്ന എല്ലാവിധ പ്രാകൃത ആചാരങ്ങൾക്കുമെതിരെ അവർ സന്ധിയില്ലാതെ സമരം ചെയ്തു. ഒരു പയനിയർ മിഷനറിക്ക് വേണ്ട ക്ഷമയും ധൈര്യവും, ദീർഘവീക്ഷണവും, സമർപ്പണവും സഹനവും ഒത്തുചേർന്ന ഒരു വിശിഷ്ട വ്യക്തിത്വമാണ് മേരിയുടേതെന്ന് എല്ലാവർക്കും ബോധ്യമാകാൻ അധികകാലം വേണ്ടിവന്നില്ല. പരസ്പരം പോരടിക്കുന്ന ഗോത്രവിഭാഗങ്ങൾക്കിടയിൽ നടത്തിയ സമാധാന ശ്രമങ്ങൾ അവരുടെ കാര്യശേഷിയും ഭരണതന്ത്രജ്ഞതയും വെളിപ്പെടുത്തുന്നതായിരുന്നു. ഗവണ്മെന്റിനുപോലും സാധിക്കാതിരുന്ന സാമൂഹ്യ പരിവർത്തനങ്ങളാണ് മേരി സ്ലെസർ അന്നത്തെ നൈജീരിയായിൽ ഒറ്റയ്ക്ക് നടപ്പിലാക്കിയത്.

നിരന്തരമായ പ്രയത്നങ്ങളുടെ തീവ്രത സ്വന്തം ശരീരത്തിലുണ്ടാക്കുന്ന പ്രതികരണങ്ങൾ ശ്രദ്ധിക്കാൻപോലും അവർക്ക് ഇടവേളകൾ ലഭിച്ചിരുന്നില്ല. ഒടുവിൽ ഡ്യൂക്ക് ടൗണിൽ വച്ച് രോഗബാധിതയായ മേരിയോട് മിഷൻ അധികൃതർ നിർബ്ബന്ധമായും ബ്രിട്ടണിലേക്ക് പോകാൻ ആവശ്യപ്പെട്ടു. 1883 ഏപ്രിൽ മാസത്തിൽ അവർ സ്വന്തം വീട്ടിലേക്ക് പോയി. പ്രായമായ അമ്മയെയും രോഗികളായ രണ്ട് സഹോദരിമാരെയും ശുശ്രൂഷിക്കുവാൻ ഈ ഇടവേള അവർ ഉപയോഗിച്ചു. എങ്കിലും സൂസൻ എന്ന സഹോദരി പെട്ടെന്ന് മരണപ്പെട്ടു. മിഷൻഫീൽഡിലേക്ക് തിരികെ പോകുവാൻ അമ്മ മേരിയെ പ്രോത്സാഹിപ്പിച്ചു. സ്വന്തം നാട്ടിൽ ആകെ ബാക്കിയുള്ള പ്രിയപ്പെട്ടവരെ ദൈവകരങ്ങളിൽ ഏൽപിച്ച് മേരി വീണ്ടും ആഫ്രിക്കയിലേക്ക് കപ്പൽ കയറി. അവിടെ തിരികെ എത്തിയ നാളിൽത്തന്നെ അമ്മ മരണപ്പെട്ടതായി പിന്നീട് മേരിക്ക് വിവരം ലഭിച്ചു. ഏറെ താമസിക്കാതെ ഇളയ സഹോദരി ജാനിയും ഇഹലോകവാസം വെടിഞ്ഞു. ബ്രിട്ടനേക്കാൾ ഇപ്പോൾ എനിക്ക് സ്വർഗം സമീപമാണ്. .

പൊതുവേ മടിയന്മാരായ ഗോത്രവർഗ്ഗക്കാരെ അമ്പരപ്പിച്ചുകൊണ്ട്, മാ എന്നവർ വിളിക്കുന്ന മേരി ഒരു വീടും ആരാധനാലയവും പണിയുവാൻ ആരംഭിച്ചു. മരക്കഷണങ്ങളും മുളംതണ്ടും, പനയോലയും, കളിമണ്ണും ചേർത്ത് പണിത ആ വീട് കണ്ട് ഗോത്രമുഖ്യൻ

ഒരു വലിയ കെട്ടിടത്തിന് ആവശ്യമായ സ്ഥലം ധൃതഗതിയിൽ തെളിച്ചുകൊടുക്കുകയും പണിക്കാവശ്യമായ സാമഗ്രികൾ സംഭരിക്കുകയും ചെയ്തു. ഈ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഒക്കോയോങ്ങിലെങ്ങും ഒരു ആഘോഷമായി മാറി. അവിടുത്തെ സാമൂഹ്യ ജീവിതത്തിൽ മേരി സ്ലെസർ ഏറ്റവും അവിഭാജ്യമായ ഘടകമാണ് എന്നതിന്റെ തെളിവായിരുന്നു അത്. അന്നാട്ടുകാരുടെ അലസതയും അലംഭാവവും മാറ്റിയെടുക്കാൻ മേരി വളരെ പരിശ്രമിച്ചു.

1896-ൽ മേരി എക്കൊങ്ങ് ഗോത്രക്കാരോടൊപ്പം കൂടുതൽ ഫല ഭൂയിഷ്ഠമായ അക്പാവ് എന്ന് പ്രദേശത്തേക്ക് താമസം മാറി. ഏറെ താമസിക്കാതെ അവിടെ വസൂരി പടർന്നുപിടിച്ചു. മേരി പ്രവർത്തനം ആദ്യം ആരംഭിച്ച എക്കോങ്ങിലും രോഗം വളരെ വ്യാപകമായി. മേരി തന്നെ എല്ലായിടത്തും ഓടി നടന്ന് മരുന്നു വിതരണവും, ചികിത്സയും, ശുശ്രൂഷയും ചെയ്തുകൊണ്ടിരുന്നു. രണ്ട് ഗോത്രത്തലവന്മാർ മരണപ്പെട്ടു. അതിൽ ഏദെം എന്നയാൾ മേരിക്ക് വളരെ പ്രിയപ്പെട്ട ഒരു സഹായിയായിരുന്നു. അദ്ദേഹത്തെ കുഴിച്ചിടുവാൻ മേരി സ്വയം കുഴിവെട്ടി. ശരീരം പെട്ടിയിലാക്കി മറവുചെയ്യേണ്ടിവന്നു. ഗവൺമെന്റിനു പോലും സാധിക്കാതിരുന്ന ദുരിതനിവാരണമായിരുന്നു മേരി സ്ലെസറുടെ അധ്വാനത്തിലൂടെ നടപ്പിലായത്.

ഗവൺമെന്റ് പലപ്പോഴും മേരിയുടെ മധ്യസ്ഥം തേടിയിരുന്നു. അവരുടെ ഭാഷാ പരിജ്ഞാനം ഗോത്രസംവാദത്തിന് ഉദ്യോഗസ്ഥർക്ക് ഏറെ സഹായകരമായിരുന്നു. ഉമോൺ എന്ന ഗോത്രവും ഒക്കെയോങ്ങും തമ്മിലുണ്ടായിരുന്ന തർക്കം കലാപത്തിലെത്താതെ രമ്യതയാക്കുന്നതിൽ ഗവൺമെന്റ് സഹായം തേടിയത് മേരി സ്ലെസറിനോടായിരുന്നു. സത്യം തങ്ങളുടെ ഭാഗത്താണെങ്കിൽ സ്ലെസർ നാട്ടുകാരായ ഒക്കോയോങ്ങിനെ പിണക്കിയിട്ടായാലും നീതി നടപ്പാക്കിത്തരും എന്ന് ഉമോൺകാർക്ക് നല്ല വിശ്വാസമായിരുന്നു. മേരിയുടെ സത്യസന്ധതയിലും ആത്മാർത്ഥതയിലും ശത്രുക്കൾക്ക് പോലും സംശയമുണ്ടായിരുന്നില്ല. തദ്ദേശീയരുടെമേൽ മേരിക്ക് ഉണ്ടായിരുന്ന സ്വാധീനം കണ്ട് സർക്കാർ മേരിക്ക് മജിസ്ട്രേറ്റിന്റെ അധികാരം കൽപിച്ചു നല്കി. മേരി സ്ലെസർ ആ ജോലിയും നിർവഹിച്ചു. എങ്കിലും മിഷനറി എന്ന നിലയിൽ ഗവണ്മെന്റിന്റെ ശമ്പളം സ്വീകരിക്കാൻ തയ്യാറായില്ല.

**വീണ്ടും സ്കോട്ട്ലൻഡിൽ**

1907-ൽ മേരി വീണ്ടും രോഗക്കിടക്കയിലായി. ബ്രിട്ടനിലേക്ക് പോകുന്നതിന് എല്ലാവരും നിർബ്ബന്ധിച്ചു. ഗവൺമെന്റ് മേധാവികളും ആയതിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തു. എഡിൻ ബെർഗ്ഗിൽ

എത്തിയ സ്ലെസർ നിരവധി മീറ്റിങ്ങുകളിൽ സംസാരിക്കുകയും കേൾവിക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ബ്രിട്ടണിൽ ഉടനീളം പള്ളികൾ വിസിറ്റ് ചെയ്യാൻ ക്ഷണം കിട്ടി എങ്കിലും മേരി സ്ലെസറുടെ മനസ്സ് ആഫ്രിക്കയിൽ തന്നെയായിരുന്നു. തീരുമാനിച്ചതിലും നേരത്തെ തന്നെ മേരി സ്ലെസർ എഡിൻബെർഗ്ഗിൽനിന്നും ആഫ്രിക്കയിലേക്ക് പോകുകയുണ്ടായി.

**ലോകയുദ്ധം ഒരു തിരിച്ചടി**

1914 ജൂലൈയിൽ ആഫ്രിക്കൻകാട്ടുപാതകളിലൂടെ യാത്ര പോകുന്നവർക്കിടയിൽ ഒരു പുതിയ വാർത്ത പരന്നുകൊണ്ടിരുന്നു. കടലിനക്കരെയുള്ള നാട്ടിൽ എന്തെല്ലാമോ സംഭവവികാസങ്ങൾ നടക്കുന്നു. സാധനങ്ങൾ കയറ്റി തീരത്തേക്ക് പോകുന്ന കെട്ടുവള്ളങ്ങൾ തിരികെ വരുന്നു. ലോകയുദ്ധം! മേരി സ്ലെസർക്ക് ആ വാർത്ത ഒരു കനത്ത ആഘാതമായിരുന്നു. ആഫ്രിക്കയുടെ കിരാത സംസ്കാരത്തോട് പോരടിച്ച് വിജയം വരിച്ച ആ ധീരവനിതയ്ക്ക് സാംസ്കാരിക യൂറോപ്പിലെ യുദ്ധഭീകരത ഉൾക്കൊള്ളാൻ സാധിച്ചില്ല. യൂറോപ്പിലെ രാജ്യങ്ങൾ തമ്മിൽ യുദ്ധത്തിലാണെന്ന വാർത്ത ആഫ്രിക്കയിലെ സാമാന്യ ജനത്തോട് എങ്ങനെ വിശദീകരിക്കും! ഗോത്രയുദ്ധങ്ങൾ അമർച്ചചെയ്ത മേരി സ്ലെസറുടെ ക്രൈസ്തവസാക്ഷ്യത്തിന് 1-ാം ലോകയുദ്ധം ഏൽപിച്ച ആഘാതം അവരുടെ ക്രിസ്തുമസ് ദിനത്തിൽ മേരി തന്റെ ഉറ്റമിത്രമായ മിസ്സ് ആഡംസിന് തന്റെ അവസാനത്തെ കത്ത് എഴുതിയിട്ട് ഒടുവിലായി : God be with you till we meet again.

1915, ജനുവരി 10 ഞായറാഴ്ച ആരാധനയിൽ പങ്കെടുത്തശേഷം മേരി സ്ലെസർ വീണ്ടും അവശയായി. ജനുവരി 13-നു രാവിലെ 1.30ന് കൂടെ വളർത്തിയ 5 പെൺമക്കളെയും അരികെ ചേർത്തുനിർത്തി ആഫ്രിക്കയുടെ വെളുത്ത അമ്മ നാഥന്റെ സന്നിധിയിലേക്ക് യാത്രയായി.

ഡ്യൂക്ക് ടൗണിലായിരുന്നു മേരി സ്ലെസറുടെ അന്ത്യവിശ്രമം ഒരുക്കിയത്. ഗവൺമെന്റ് പ്രതിനിധികളും കച്ചവടക്കാരും മിഷനറിമാരും എന്നുവേണ്ട ആഫ്രിക്കൻ സമൂഹത്തിലെ നാനാവിഭാഗം ജനങ്ങൾ ആ അമ്മയെ സംസ്കരിക്കാൻ ഒത്തുകൂടി. പതാകകൾ പാതി താഴ്ത്തിക്കൊണ്ട് ആഫ്രിക്ക ദൈവരാജ്യത്തിന്റെ അത്യുത്സാഹിയായ ആ പ്രതിനിധിക്ക് അഭിവാദ്യം അർപ്പിച്ചു. ക്രിസ്തുവിൽ വിശ്വസിച്ച് മരണമടഞ്ഞ നീതിമാന്മാരെയും നീതിമതികളെയും തന്നോടുകൂടെ വരുത്തുന്ന നാളിനായി കാത്തിരിക്കാൻ ആഫ്രിക്കൻ ജനതയെ ആഹ്വാനം ചെയ്തുകൊണ്ട് മേരി സ്ലെസറുടെ ഭൗതികശരീരം ആഫ്രിക്കയുടെ മണ്ണിൽ അടക്കംചെയ്തു.

**മാനുവൽ പി. ജോസഫ്**

# യഹോവയുടെ ഭണ്ഡാരമായ കാറ്റ്

ഭണ്ഡാരം എന്ന വാക്കിനർത്ഥം നിക്ഷേപം (Treasure) എന്നാണ്. വെള്ളം, വായു, കാറ്റ്, ഹിമം, അഗ്നി ഇവ ഒക്കെയും ദൈവത്തിന്റെ ഭണ്ഡാരങ്ങളാണ്. അവയെ ദൈവം തന്റെ ഭണ്ഡാര ഗൃഹങ്ങളിൽ സൂക്ഷിച്ചിരിക്കുന്നു. ആവശ്യാനുസരണം ഭണ്ഡാര ഗൃഹങ്ങൾ തുറന്ന് നിക്ഷേപങ്ങളെ പുറത്തു വിടും. നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ് എല്ലാ ഭണ്ഡാരങ്ങളുടെയും ഉടയവൻ. തിരുവചനം പറയുന്നു: "സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല" (യോഹ.1:3). "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും... സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊലൊ.1:15,16). ഈ ഭണ്ഡാരഗൃഹങ്ങളുടെ താക്കോലും ദൈവത്തിന്റെ കൈയ്യിൽ തന്നെ. ദൈവമക്കളായ നാമും യഹോവയുടെ ഭണ്ഡാരങ്ങളാണ്.

"ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും എല്ലാ ആഴങ്ങളിലും യഹോവ തനിക്കിഷ്ടമുള്ളതൊക്കെയും ചെയ്യുന്നു. അവൻ ഭൂമിയുടെ അറ്റത്തുനിന്നു നീരാവി പൊങ്ങുമാറാക്കുന്നു; അവൻ മഴെക്കായി മിന്നലുകളെ ഉണ്ടാക്കുന്നു; തന്റെ ഭണ്ഡാരങ്ങളിൽനിന്ന് കാറ്റു പുറപ്പെടുവിക്കുന്നു" (സങ്കീ.135:6,7). ദൈവം കാറ്റിനെ തന്റെ ദൂതന്മാരാക്കുന്നു. ദൈവം കാറ്റിൻ ചിറകിന്മേൽ സഞ്ചരിക്കുന്നു. വിവിധ തരം കാറ്റുകൾ ഉണ്ട് കിഴക്കൻ കാറ്റ്, തെക്കൻ കാറ്റ്, മന്ദമാരുതൻ, കൊടുങ്കാറ്റ്, ഈശാനമൂലൻ എന്നീ വകഭേദങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഈ കാറ്റുകൾ ഉപയോഗിച്ച് ദൈവം ചെയ്യുന്ന ചില പ്രവൃത്തികൾ പരിശോധിക്കാം.

ദൈവം വഴിയൊരുക്കുന്ന കാറ്റ്, ശത്രുവിനെ തകർക്കുന്നകാറ്റ്, നന്മ കൊണ്ടുവരുന്ന കാറ്റ്. തന്റെ ജനത്തെ കരുതുവാനായി ദൈവം അയയ്ക്കുന്ന കാറ്റ്. ഇങ്ങനെ പല വിധത്തിൽ ദൈവം കാറ്റിനെ ഉപയോഗിക്കുന്നു. മരുഭൂമിയിൽ ഇറച്ചിക്കായി ജനം മുറവിളി കൂട്ടിയപ്പോൾ ദൈവം അയച്ച കാറ്റ് കാടയെ കൊണ്ടുവന്നു. ഏകദേശം 25 ലക്ഷം പേർക്കുള്ള ഇറച്ചി കാടയായി വന്നു. രണ്ടടി ഉയരത്തിൽ

ഇവ പറന്നു നില്ക്കയാണ്. അങ്ങോട്ടും ഇങ്ങോട്ടും പോകുന്നില്ല. ദൈവം കല്പിച്ചു, കാട അനുസരിച്ചു (സംഖ്യാ.11:31). നോഹയുടെ പേടകത്തെ ജലപ്രളയത്തിന് അറുതി വരുത്തുവാനും ദൈവം ഒരു കാറ്റിനെ ഉപയോഗിക്കുന്നു (ഉൽപ.8:1).

മോശെയുടെ നേതൃത്വത്തിൽ, ഫറവോന്റെ അടിമത്വത്തിൽ നിന്നു വിട്ടുപോന്ന യിസ്രായേൽ ജനത്തെ പിൻതിരിപ്പാനായി ഫറവോനും സൈന്യവും അവരെ പിന്തുടർന്നു. ഫറവോനെയും സൈന്യത്തെയും കണ്ട യിസ്രായേൽജനം ഭയന്നു നിലവിളിച്ചു. അവർ ചെങ്കടൽ തീരത്തെത്തിയിരുന്നു. മുമ്പിൽ ചെങ്കടൽ പിറകിൽ ഫറവോനും സൈന്യവും. എന്നാൽ യഹോവ യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു. എങ്ങനെയെന്നാൽ യഹോവ അന്നുരാത്രി മുഴുവനും മഹാശക്തിയുള്ള ഒരു കിഴക്കൻ കാറ്റടിപ്പിച്ച് കടലിനെ പിൻവാങ്ങിച്ച് ഉണങ്ങിയ നിലമാക്കി (പുറ. 14:21). യിസ്രായേൽമക്കൾ കടലിന്റെ നടുവിലുണ്ടായ ഉണങ്ങിയ നിലത്തൂടെ കടന്നുപോയി. ചെങ്കടലിലെ പുതിയ പാതയിലൂടെ കടന്നുപോയ ജനത്തെ ആക്രമിക്കുവാനും കൊല്ലുവാനും പാഞ്ഞെത്തിയ ഫറവോന്റെ സൈന്യത്തെ കടലിൽ മുക്കിക്കൊല്ലുവാൻ ദൈവം ഒരു കാറ്റിനെ അയച്ചു കടലിലെ പാത അടയ്ക്കുന്നു (പുറ.15:10). അവരെ പിന്തുടർന്ന ഫറവോനെയും സൈന്യത്തെയും വെള്ളം മൂടിക്കളഞ്ഞു. ദൈവം തന്റെ മക്കളെ ശത്രുവിന്റെ ശക്തിയാൽ തകർക്കപ്പെടുവാൻ അനുവദിക്കയില്ല. യേശുകർത്താവു പറഞ്ഞു, ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (യോഹ.14:6). മറുകരയിലെത്തിയ മിര്യാം നൃത്തം ചെയ്തു ദൈവത്തെ സ്തുതിക്കുന്നു. കാരണം തന്റെ സഹോദരനെ നൈൽ നദിയിൽ ഇട്ടുകളവാൻ കല്പനയിട്ട ഫറവോനും സൈന്യവും മുങ്ങിമരിക്കുന്ന നിലയിൽ ദൈവം പ്രവർത്തിച്ചിരിക്കുന്നു.

**രൂപാന്തരപ്പെടുത്തുന്ന കാറ്റ് പെരുങ്കാറ്റ്**

“യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റു അടിപ്പിച്ചു; കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയോരു കോൾ ഉണ്ടായി” (യോനാ1:4). യഹോവ പറഞ്ഞതനുസരിക്കാതെ കപ്പലിൽ കയറിയ യോനയെ അനുസരിപ്പിക്കാൻ യഹോവ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടിപ്പിച്ചു. കപ്പൽക്കാർ അവരുടെ രക്ഷെക്കായി അവനെ സമുദ്രത്തിൽ ഇട്ടുകളഞ്ഞെങ്കിലും ദൈവം അയച്ച മഹാമത്സ്യം യോനായെ വിഴുങ്ങി. കപ്പലിൽ വെച്ച് പ്രതിസന്ധിയിൽ പ്രാർത്ഥിക്കാത്ത യോനായെ മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് പ്രാർത്ഥിക്കുമാറാക്കി. ദൈവം പറയാൻ ഏല്പിച്ച വചനം നീനെവേയിൽ പ്രസംഗിക്കുവാൻ അത് വഴി തെളിച്ചു.

**ഈശാനമൂലൻ കൊടുങ്കാറ്റ്**

യഹൂദന്മാരിൽ പ്രമാണിയായിരുന്ന പൗലൊസ് ക്രിസ്ത്യാനി ആയതോടെ പൗലൊസിനെ തടവുകാരനാക്കി കപ്പലിൽ യാത്ര ചെയ്യുമ്പോൾ ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു. കാറ്റ് പ്രതികൂലമാകയാൽ കപ്പൽ പുറപ്പെടുന്നത് അപകടമാണെന്നു പൗലൊസ് മുന്നറിയിപ്പു കൊടുത്തതാണ്. അത് അവർ കൂട്ടാക്കിയില്ല. ആകയാൽ ദൈവം ശിക്ഷയായിട്ടാണ് കൊടുങ്കാറ്റിനെ അയച്ചത്. എങ്കിലും പൗലൊസ് അവരെ ധൈര്യപ്പെടുത്തി, സുവിശേഷം അറിയിച്ചു. അവരെല്ലാവരും ദൈവത്തിൽ വിശ്വസിച്ചു (അപ്പൊ.പ്ര.27:14).

നാം ദൈവസന്നിധിയിൽ നിന്നു അകലുമ്പോൾ ആദ്യമൊന്നും ദൈവം ഇടപെട്ടെന്നു വരികയില്ല. അത് കൊടുങ്കാറ്റിനു മുമ്പുള്ള ശാന്തതയാണെന്നു തിരിച്ചറിയണം. എന്നാൽ നാം വീണ്ടും ദൈവപാത വിട്ടു സഞ്ചരിക്കുകയാണെങ്കിൽ നമ്മെ മടക്കി വരുത്തുവാനായി വിവിധ ശിക്ഷാവിധികളായി ദൈവം കാറ്റിനെയും കൊടുങ്കാറ്റിനെയും അയയ്ക്കാം. നാം ആശ്രയിക്കുന്ന ലോകത്തിന്റെ കപ്പലുകൾ തകർത്തു കളയത്തക്ക വിധത്തിൽ ആഞ്ഞടിക്കാം. അത് ദൈവകരങ്ങളുടെ പ്രവർത്തന മാണെന്നു തിരിച്ചറിഞ്ഞു ദൈവസന്നിധിയിലേക്കു മടങ്ങി വരണം. യോനാ യാഫോവിലെത്തുവോളം തിരികെ വരുവാനുള്ള അവസരമു ണ്ടായിരുന്നു. യോനായുടെ പിൻമാറ്റം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ ദൈവം ഇടപെടുന്നു. അതുപോലെ നമ്മുടെ ജീവിത ത്തിലും ഉണ്ടാകുന്ന പിൻമാറ്റങ്ങൾക്കും വീഴ്ചകൾക്കും ദൈവം തക്ക സമയത്തു തന്റെ ന്യായവിധിയുടെ മാർഗ്ഗങ്ങൾ അയയ്ക്കും. പക്ഷേ ഈ ന്യായവിധികളൊന്നും നമ്മെ തകർത്തുകളയുവാനല്ല മറിച്ച് ദൈവത്തിനു കൊള്ളാവുന്നവരായി നമ്മെ വാർത്തെടുക്കുന്നതിനു വേണ്ടിയായിരിക്കും.

കാറ്റും കൊടുങ്കാറ്റുമെല്ലാം ദൈവത്തിന്റെ ആജ്ഞ അനുസരി ക്കുവാൻ സദാ സന്നദ്ധരായി നില്ക്കുന്നു എങ്കിൽ മനുഷ്യരായ നമ്മുടെ കാര്യം എപ്രകാരം? ദൈവത്തിന്റെ കല്പനകളെ അനുസരിച്ചു ജീവി ച്ചാൽ ദൈവം അനുഗ്രഹിക്കുകതന്നെ ചെയ്യും. “അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു”(1 ശമൂ.15:22). യാഫോവിൽ നിന്നു തർശീശിലേക്കുള്ള പാതയിൽ കടലിൽ കൊടുങ്കാറ്റു ദൈവം അയയ്ക്കുവാനുള്ള കാരണം യോനായായിരുന്നു. ദൈവത്തിനു തന്റെ ദാസനെ അനുസരണം പഠിപ്പി ക്കുവാൻ കൊടുങ്കാറ്റു ആവശ്യമായിവന്നു. ദൈവത്തിന്റെ പ്രവൃത്തികൾ എത്ര അഗാധമായവ. സർവ്വസൃഷ്ടികളുടെയും ഉടമസ്ഥാവകാശം

*ശേഷം പേജ് 30 കാണുക*

# കുമ്പസാരം

ഞാൻ നിരവധി രാജ്യങ്ങളിലെ ജയിലുകൾ സന്ദർശിക്കുകയും അവിടെ കഴിയുന്നവരെ കാണുകയും അവരോട് സംസാരിക്കുകയും ചെയ്യുന്ന ആളാണ്. നിങ്ങളുടെ പ്രശ്നങ്ങളും വേദനകളും എനിക്ക് മനസ്സിലാകുന്നുണ്ട്. ജയിലുകൾ ആർക്കും നല്ലതല്ല. നിങ്ങളുടെ ഈ ജയിലിൽ തന്നെ എത്ര ലിറ്റർ കണ്ണുനീർ വീണിട്ടുണ്ട്. എത്രമാത്രം പകയും വിദ്വേഷവും കോപവും രൂപപ്പെട്ടു. എത്ര ജീവിതങ്ങൾ തകർന്നു. എത്രമാത്രം ഭാരം ഖജനാവിനുണ്ടായി. എത്ര ജീവിതങ്ങൾ ഇതിന്റെ എല്ലാം വേദന അനുഭവിച്ചു. ജയിൽ നമുക്ക് അലങ്കാരമല്ല. നാം എത്രമാത്രം അധഃപതിച്ച വരാണെന്നുള്ളതിന്റെ തെളിവല്ലേ ജയിലുകൾ? ഒരു രാജ്യത്തിനും ജയിൽ അലങ്കാരമല്ല.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ**
**"തടവുകാരെ തേടി"**
**എന്ന പുസ്തകത്തിൽ നിന്നും**

ജീവിതത്തെയും ഭാവിയേയും രണ്ടു തരത്തിൽ സമീപിക്കുവാൻ ഉറച്ചാണ് എല്ലാ ജയിലുകളിൽ നിന്നും ആളുകൾ പുറത്തു പോകുന്നത്. ഒരു കൂട്ടർ കുറ്റകൃത്യങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങുന്നത് തെറ്റാണെന്നറിഞ്ഞു കൊണ്ടു തന്നെ മുന്നോട്ടു പോകുന്നു. അതവരുടെ തിരഞ്ഞെടുപ്പ്. മറ്റുകൂട്ടർ തിരുത്തലിനു വിധേയരായി പുതുജീവിത ത്തിലേക്ക് പ്രവേശിക്കുന്നു. കാര്യങ്ങളുടെ ഗൗരവം അറിഞ്ഞുകൊണ്ട്.

ചിലർ പശ്ചാത്തപിക്കയും ശ്രേഷ്ഠമായ ജീവിതത്തിലേക്ക് പോകുവാനുള്ള തീരുമാനം ചെയ്യുന്ന സ്ഥലമായി ജയിലിനെ കാണുന്നു. മറ്റു ചിലർ കോപവും വൈരാഗ്യവും ശത്രുതയും സംഭരിച്ച് തകർച്ചയിലേക്ക് പോകുവാനും തീരുമാനം ചെയ്യുന്നു. ചിലർ ഭാവിയെ കെട്ടിപ്പടുക്കുന്ന പണിശാലയായി ജയിലിനെ തീർക്കുവാൻ, വേറെ ചിലർ കൂടുതൽ ഗൗരവവും ബ്രഹത്തുമായ കുറ്റകൃത്യങ്ങളുടെ പണിശാലയായി അവസരം വിനിയോഗിക്കുന്നു. നിങ്ങൾ ഏതു കൂട്ടത്തിൽ പെടും?

ചിലർ ഇവിടെ വന്നശേഷം എത്രയോ തവണ അതു വേണ്ടായിരുന്നു, എങ്കിലും എന്റെ കൈകൊണ്ട് അതു സംഭവിച്ചല്ലോ, ഞാനെന്തിനു ചെയ്തു. ശ്ശെ, പാടില്ലായിരുന്നു എന്നൊക്കെ ചിന്തിച്ചു, സ്വയം കുറ്റപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരെ പഴിചാരിയിട്ടുണ്ട്. വളരെ കരഞ്ഞിട്ടില്ലേ, രാത്രികൾ ഉറങ്ങാതെ നെടുവീർപ്പിട്ട് കഴിഞ്ഞിട്ടില്ലേ?

ഉണ്ടെന്ന് എനിക്കറിയാം. സംഭവിച്ചത് ഓർത്ത് പശ്ചാത്തപിക്കണം. അതുകൊണ്ട് മാത്രം കുറ്റബോധം വിട്ടുപോകുമോ? ഇന്നു നിങ്ങളെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം കുറ്റബോധമാണ്. അത് മാറി കിട്ടിയാൽ മനസ്സ് സ്വസ്ഥമാകും.

എന്താണിതിനു വഴി? ചിലർ പ്രാർത്ഥനകൾ ഉരുവിടുന്നു, മതഗ്രന്ഥങ്ങൾ തപ്പുന്നു, പുണ്യകർമ്മങ്ങൾ വാഗ്ദാനം ചെയ്യുന്നു. പുണ്യസ്ഥല സന്ദർശനവും അജണ്ടയിലുൾപ്പെടുത്തുന്നു. ചിലർ ഭാരമിറക്കുവാൻ ഡയറി കുറിപ്പ് എഴുതുന്നു. പുസ്തകരചന നടത്തുന്നു. കുറ്റബോധം എന്ന വലിയ ഭാരം ഇറക്കിവയ്ക്കുവാനിടം തപ്പുന്നു. എന്നാൽ അതിനൊരു സ്ഥാനമേയുള്ളൂ. ഹൃദയനുറുക്കത്തോടെ ദൈവമുമ്പിൽ അത് ഇറക്കി വയ്ക്കുക. ദൈവത്തോട് ക്ഷമാപണം നടത്തുക. ദൈവം ക്രിസ്തുവിൽ നിങ്ങളുടെ കടം വീട്ടിയിരിക്കുന്നു ദൈവസ്നേഹത്തിന് ക്ഷമിക്കുവാൻ കഴിയാത്ത കുറ്റം ഇല്ല. വിശ്വാസത്താൽ അംഗീകരിക്കുക. യേശുവിന്റെ കുരിശുമരണവും പുനരുത്ഥാനവും അത്രേ നിങ്ങൾക്കുള്ള പാപമോചന മാർഗ്ഗം.

യേശുക്രിസ്തുവിനെ കുരിശിൽ തറച്ചുകൊന്നു. അദ്ദേഹത്തിന്റെ ഇരുവശങ്ങളിലുമായി രണ്ടു ദുഷ്പ്രവൃത്തിക്കാരെയും. ഇങ്ങനെയാണ് അതിനെ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ: "നീ ക്രിസ്തു അല്ലയോ? നിന്നെ ത്തന്നേയും ഞങ്ങളേയും രക്ഷിക്കുക" എന്നു പറഞ്ഞ് അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു: "സമശിക്ഷാവിധിയിൽ തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായി ശിക്ഷ അനുഭവി ക്കുന്നു: നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്: ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല" എന്നു പറഞ്ഞു. പിന്നെ അവൻ. "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളേണമേ" എന്നു പറഞ്ഞു. യേശു അവനോട്: "ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" എന്നു പറഞ്ഞു (ലൂക്കൊസ് 23:39-43).

യഹൂദന്മാരുടെ പെരുന്നാൾ ദിവസമായിരുന്നതിനാൽ അനേകാ യിരങ്ങൾ ഗോൽഗോത്ത കുന്നിലേക്ക് നോക്കി. മൂന്നു കുരിശുകൾ. അതിൽ മൂന്നു വ്യക്തികളെ തൂക്കിയിരിക്കുന്നു. കുരിശിൽ തറച്ചു കൊല്ലുക അന്നത്തെ ശിക്ഷാക്രമത്തിലുള്ളതായിരുന്നു. ക്രൂരമായ വേദന സഹിച്ച് അതിദാരുണമായി മരിക്കുക എന്നായിരുന്നു ശിക്ഷ യുടെ ലക്ഷ്യം. വഴി പോകുന്ന ഏവർക്കും കാണുവാൻ കഴിയുന്നത് മൂന്ന് കഠിനരായ കുറ്റവാളികളെയാണ്. എന്തെല്ലാം കമന്റുകൾ വഴിപോക്കർ പറഞ്ഞിരിക്കാം. ഒരു തരക്കേടുമില്ല. അതുവരണം

അവന്മാർക്ക്. ചിലർ പരിഹാസത്തോടും അവജ്ഞയോടും നിലത്തു തുപ്പി നടന്നിരിക്കാം. ഇതുകുറെ കട്ടിയാണല്ലോ, വേറെ ചിലർ. 'അയ്യോ ഇവരുടെ സ്വന്തക്കാരുടെ സ്ഥിതി ഒന്ന് ഓർത്തു നോക്കിക്കേ, കഷ്ടമായിപ്പോയി' മറ്റു ചിലർ. അവരുടെ കൈയിലിരുപ്പ് അതായിരുന്നിരിക്കാം, അപരന്റെ അഭിപ്രായം. ഒരവസരം കൂടി കൊടുത്ത് ഒന്ന് വിരട്ടിയും വിട്ടിരുന്നു എങ്കിൽ ക്രമപ്പെടുമായിരുന്നു. കൊന്നു കളയണ്ടായിരുന്നു, മറ്റൊരു മാന്യന്റെ പ്രതികരണമായിരുന്നു. 'ജീവിക്കാനർഹതയില്ലാത്തതൊക്കെ പോകട്ടെ, മറ്റുള്ളവർക്ക് സ്വസ്ഥമായി ജീവിക്കാമല്ലോ.' എന്നൊരു കമന്റും ആരോ ഒരുത്തൻ തട്ടിവിട്ടു. എന്തായിരിക്കും നിങ്ങളുടെ അഭിപ്രായം?

ആരാണീ മൂവർ? നടുവിലത്തെ ക്രൂശിൽ നസറായനായ യേശു. പാപികളുടെ സ്നേഹിതനെന്ന് മുദ്രയടിക്കപ്പെട്ടവൻ. നന്മചെയ്തും അനേകരെ സഹായിച്ചും ജീവിച്ച ദൈവപുത്രൻ "ഇവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്ന് ന്യായാധിപൻ വിധി പ്രസ്താവിച്ചിട്ടും മരണശിക്ഷ കുരിശിൽ അനുഭവിക്കുന്ന ശ്രീയേശു ആകുന്നു നടുവിലത്തെ ക്രൂശിൽ ഇടത്തും വലത്തും 'രണ്ടു ദുഷ്പ്രവൃത്തിക്കാർ' എന്ന് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടു ബന്ധിതർ ക്രൂശിൽ തങ്ങുന്നു. ക്രൂശുമരണം അനുഭവിക്കുവാൻ വിധിക്കപ്പെട്ട മൂന്നുപേർ എന്ന് വഴിപോക്കർ ആരും അവരെകുറിച്ച് പറയും. ഇടത്തും വലത്തും കിടക്കുന്ന രണ്ടു പേരുടെയും പ്രവൃത്തിയുടെ ഫലം ആണവർക്ക് കിട്ടിയിരിക്കുന്നത്. അവരിൽ ഒരാളുടെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്, 'ഒരുവൻ മറ്റവനോട് പറയുകയാണ്. നാമോ ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു. നമ്മുടെ പ്രവൃത്തിക്കനുസരിച്ച് നമുക്ക് കിട്ടിയിരിക്കുന്നു' എന്നാൽ മദ്ധ്യേ കിടക്കുന്നവനെക്കുറിച്ച് പറയുന്നത്: 'ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല' എന്നാണ്.

ക്രൂശിൽ ഈ മൂന്നു വ്യക്തികളും തമ്മിൽ നടന്ന സംഭാഷണം നമുക്ക് ശ്രദ്ധിക്കാം. ഈ സംഭാഷണത്തിന് ഉള്ള ഏറ്റവും വലിയ പ്രത്യേകത അത് ഭൂമിയിലെ അവരുടെ അവസാന സംഭാഷണവുമായിരുന്നു എന്നുള്ളതാണ്.

ഒന്ന് : ദുഷ്പ്രവൃത്തിക്കാർ ഇരുവരും തമ്മിൽ യേശുവിനെക്കുറിച്ചും അവരെക്കുറിച്ചുമുള്ള സംസാരം.

രണ്ട് : ഒരുത്തന്റെ യേശുവിനോടുള്ള സംസാരം.

മൂന്ന് : യേശു അവനോട് മറുപടി പറയുന്നത്.

ഒന്നാമത്തവന്റെ സംസാരം യേശുവിനെക്കുറിച്ചായിരുന്നു. അവന് യേശുവിനെ അറിയാമായിരുന്നു. യേശു ദൈവപുത്രനാ

ണെന്നും രക്ഷിക്കുവാൻ കഴിവുള്ളവനാണെന്നും അവൻ അറിഞ്ഞിരുന്നു. നീ ദൈവപുത്രനാണെന്ന് തെളിയിക്കുക. നീ രക്ഷിതാവാണെന്ന് തെളിയിക്കുക. ഞങ്ങളെയും രക്ഷിക്കുവാൻ പ്രാപ്തനാണെന്നും. അവൻ യേശുവിനെക്കുറിച്ച് പറഞ്ഞു. നിങ്ങൾക്കും യേശുവിനെക്കുറിച്ച് അറിയാമായിരിക്കും. യേശുവിന്റെ കന്യകാജനനം, പാപരഹിതമായ ജീവിതം, ക്രൂശുമരണം, കബറടക്കം, ഉയിർപ്പ്, രണ്ടാം വരവ് ഇതെല്ലാം പഠിച്ചിരിക്കാം. യേശു ചെയ്ത അത്ഭുതപ്രവൃത്തികളും കേട്ടിരിക്കാം. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് സംസാരിക്കുവാൻ പ്രാപ്തിയും ഉണ്ടായിരിക്കാം. എന്നാൽ ഇതൊന്നും നിങ്ങളെ രക്ഷിക്കയില്ല. യേശുവിനെക്കുറിച്ചുള്ള അറിവല്ല രക്ഷിക്കുന്നത്. രണ്ടാമത്തവന് അവരെക്കുറിച്ചും അവരുടെ തെറ്റായ ജീവിതത്തെക്കുറിച്ചും തന്മൂലം കിട്ടിയ ശിക്ഷയെക്കുറിച്ചും അറിവുണ്ടായിരുന്നു. നാം നമ്മെതന്നെ അറിയുന്ന അറിവും നമ്മെ രക്ഷിക്കയില്ല. നമ്മെ കുറിച്ചുള്ള ശരിയായ അറിവ് നാം പാപികളാണ്, തെറ്റുകാരാണ് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, അവന് യേശുവിനെക്കുറിച്ചും അറിയാമായിരുന്നു. അരുതാത്തത് ഒന്നും ചെയ്യാത്തവനാണ് യേശു എന്നുള്ള അറിവും അവനുണ്ടായിരുന്നു. അതും അവനെ രക്ഷിക്കുന്നില്ല.

എന്നാൽ അവൻ യേശുവിനോട് സംസാരിച്ചതാണ് അവനെ രക്ഷിച്ചത്. അവൻ പറയുകയാണ്: "യേശുവേ നീ രാജാവായി വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ" അതൊരു അപേക്ഷയായിരുന്നു. 'എന്നെ ഓർത്തുകൊള്ളണമേ'. എന്നുള്ള നിസ്സഹായതയുടെ നിലവിളി. അടുത്ത കുരിശിൽ കിടക്കുന്നവൻ രാജാവായി വരുവാനുള്ളവനാകയാൽ ഓർക്കുവാനും കരുണ കാണിക്കുവാനും മതിയായവനാണെന്ന് അറിയുകയും ആ യേശുവിനോട് അപേക്ഷിക്കുകയും ചെയ്തു. ഇതാണ് ചെയ്തതത്. ബാക്കി എന്തെല്ലാം നാം അറിഞ്ഞാലും ചെയ്താലും പറഞ്ഞാലും ഇതു പറയുന്നില്ല എങ്കിൽ, യേശുവിൽനിന്നും മറുപടി ലഭിക്കയില്ല.

എന്തായിരുന്നു യേശുവിന്റെ മറുപടി? "ഇന്നു നീ എന്നോടുകൂടെ പറുദീസായിലിരിക്കും" ആശ്വാസവും ധൈര്യവും പ്രതീക്ഷയും നല്കുന്ന മറുപടി നല്കുവാൻ ദൈവപുത്രനായ യേശു എന്ന രക്ഷിതാവിനു കഴിയും. യേശു അവനോട് പറഞ്ഞതിന്റെ അർത്ഥം എന്താണ്? ഇന്നു നീ എന്റെ അടുത്ത് കിടന്ന് പിടഞ്ഞുമരിക്കും. ഞാനും മരിക്കും. എന്നാൽ മരണത്തോടെ നിന്റെ നില ഞാൻ മാറ്റി തരും. നീ എന്നോടുകൂടെ ആയിരിക്കും. മരണാനന്തരം. ഇമ്പങ്ങളുടെ പറുദീസയിൽ ഞാൻ ആയിരിക്കുന്ന ഇടത്തു നിനക്കും ഇടം ഉണ്ടായിരിക്കും. ദുഷ്പ്രവൃത്തിക്കാരനായി

ക്രൂശിൽ കിടന്ന് മരിക്കുവാൻ പോകുന്നവന്റെ അവസാന അപേക്ഷ. യേശുവേ, എന്നെ ഓർക്കണമേ.' എന്നായിരുന്നു.

വിശുദ്ധനായ ദൈവപുത്രൻ കുരിശിൽ വച്ച് മറ്റൊരു ക്രിമിനലിനെ അനുതാപത്തിന്റെയും ദയയുടെയും വാക്കുകളാൽ അംഗീകരിച്ച് ആശീർവദിക്കുന്ന രംഗമാണിത്. ഈ അനുഗ്രഹം നല്കുവാൻ മറ്റാർക്കും കഴിയുകയില്ല. നിങ്ങൾ യേശുവിനെക്കുറിച്ച് ശൈശവം മുതലേ കേട്ടിട്ടുണ്ടായിരിക്കാം. വായിച്ചിട്ടുണ്ടായിരിക്കാം. ഇവിടെ വന്നശേഷവും നിരവധി തവണ കേട്ടിട്ടുണ്ടായിരിക്കും. അറിവ് രക്ഷിക്കയില്ല. മറ്റുള്ളവരോട് യേശുവിനെക്കുറിച്ചു പറയുവാനും കഴിവുണ്ടായിരിക്കാം. ആ കഴിവും രക്ഷിക്കയില്ല. എന്നാൽ യേശുവിനോട്, "എന്നോട് കരുണയുണ്ടാകണമേ" എന്നപേക്ഷിച്ചാൽ ആ അപേക്ഷ നിങ്ങളെ രക്ഷിക്കും. അതാണ് നിങ്ങൾ ഇന്നു തന്നെ ചെയ്യേണ്ടത്. ഒരു പക്ഷെ നിങ്ങൾ പറയുമായിരിക്കും, എന്റെ ജീവിതത്തിന്റെ അവസാന നിമിഷത്തിൽ അതു ചെയ്യാമെന്ന്. അതുമതി, എന്നാൽ എപ്പോഴാണ് ആ നിമിഷം വരുന്നതെന്നറിയുകയില്ലല്ലോ. അതുകൊണ്ട് ഇപ്പോൾ തന്നെ അതു ചെയ്യുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

ഈ പ്രാധാന്യമേറിയ തീരുമാനവും പ്രാർത്ഥനയും ചെയ്യുവാൻ ഏതെങ്കിലും നിലയിൽ നിങ്ങൾക്കു സഹായം ആവശ്യമെങ്കിൽ ഞങ്ങൾ സഹായിക്കാം. ഉദ്യോഗസ്ഥരേ നിങ്ങൾക്കും യേശുവിനെ ആവശ്യമുണ്ട്. ചെയ്തുതന്ന ഉപകാരത്തിനും സഹകരണത്തിനും നന്ദി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഞങ്ങൾ സാധാരണ ജയിലിൽ പാടുന്ന പാട്ടാണിത്. രക്ഷിതാവിനെ കാൺക പാപി നിന്റെ പേർക്ക ല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു..

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

---

*പേജ് 25 ന്റെ തുടർച്ച* ***(യഹോവയുടെ ഭണ്ഡാരമായ കാറ്റ്)***
ദൈവത്തിനാണ്. സകല സൃഷ്ടികളും ദൈവത്തിന്റെ വചനം അനുസരി ക്കുന്നു. മനുഷ്യൻ മാത്രമേ അനുസരണക്കേടു കാണിച്ചിട്ടുള്ളു. പ്രകൃതിശക്തികളും ദൈവശബ്ദം കേട്ട് അനുസരിക്കുന്നു. അതിനുദാ ഹരണമാണ് കാറ്റ്. ദൈവത്തിന്റെ പ്രവൃത്തികൾ താൻ ഇടപെടുന്നു എന്നതിനെ വെളിപ്പെടുത്തുന്നു. തന്റെ സൃഷ്ടിയെക്കുറിച്ചുള്ള ഉത്തരവാദിത്വം ദൈവം ഏറ്റെടുക്കുന്നു. സൃഷ്ടിപ്പിലും കരുതലിലും വീണ്ടെടുപ്പിലും ഉള്ള ദൈവിക പ്രവൃത്തികളെ ഓർത്തു നമുക്കു ദൈവത്തെ സ്തുതിക്കാം.

**ജോയമ്മ സാംസൺ, കൊല്ലം**

# ഏകാന്തതയുടെ തീരത്ത്

ഉപായത്തിൽ അപ്പന്റെ അനുഗ്രഹവും തട്ടിയെടുത്ത് പ്രയാണം ചെയ്ത യാക്കോബിന്റെ ജീവിതത്തിന്റെ എല്ലാ പടവുകളിലും അവൻ അതുവരെയും ഒറ്റപ്പെടൽ അനുഭവിച്ചിട്ടില്ല. ജനനത്തിൽ ഏശാവിനോട് കൂടെ ആയിരുന്നു, വളർച്ചയിലും മാതാപിതാക്കളോടൊത്തു കൂടാരവാസിയായിരുന്നു. എന്നാൽ ഭവനം വിട്ട് പോയപ്പോൾ ഏകാന്തത തന്നെ കാർന്നു തിന്നു. ബേർശേബയിൽ നിന്നും പുറപ്പെട്ടു ഹാരാനിൽ എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. കൂരിരുട്ട് ഭയം അവന്റെ ഉള്ളിൽ നിറഞ്ഞു. അതുവരെ അവന്റെ ജീവിതത്തിൽ ഒറ്റപ്പെടൽ അനുഭവിച്ചിട്ടില്ല പുറംലോകം എന്താണ് എന്ന് അറിഞ്ഞിട്ടില്ല. കൂടാരവാസിയായി ആത്മീയ അന്തരീക്ഷത്തിൽ വളർന്നു എന്നാൽ ഇപ്പോൾ തനിയെ ആയിരിക്കുന്നു. അവിടെയുള്ള ഒരു കല്ല് തലയിണയായി വെച്ചു ഉറങ്ങുന്ന യാക്കോബിന്റെ അടുക്കൽ ദൈവസാന്നിധ്യം ഇറങ്ങിവന്നു. ദൈവത്തിൽ നിന്നും അനേക വാഗ്ദത്തങ്ങൾ പ്രാപിച്ചു (ഉൽപത്തി 28:13-17) യാക്കോബ് തലയിണയായി വെച്ച കല്ല് തൂണായി നിർത്തി എണ്ണ ഒഴിച്ചു ആ സ്ഥലത്തിന് ബേഥേൽ എന്നു പേർവിളിച്ചു. തുടർന്നു അവന്റെ ഭൗതിക മായ ആവശ്യമായിരിക്കുന്ന ചില കാര്യങ്ങൾ ദൈവത്തോട് അപേക്ഷി ക്കുകയും എന്നെ എന്റെ അപ്പന്റെ അടുക്കൽ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയമാകും. നീ എനിക്ക് തരുന്ന സകലത്തിലും ദശാംശം തരാം എന്നും പറഞ്ഞു.

പ്രിയ ദൈവമക്കളേ, ഈ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ ഉപരിപഠനത്തിനായി ചെറുപ്രായത്തിലേ മാതാപിതാക്കളെയും സഭയും എല്ലാം വിട്ട് അന്യരാജ്യങ്ങളിൽ ചേക്കേറുമ്പോൾ അവർ അനുഭവിക്കുന്ന ഒറ്റപ്പെടൽ ഓർക്കണം. യാക്കോബു കൂടാരവാസി ആയിരുന്നപ്പോൾ ലഭിച്ച ആത്മീയ കാഴ്ചപ്പാട് ഏകാന്തതയിൽ അവനു ദൈവസാന്നിധ്യം മനസ്സിലാക്കാൻ സാധിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ ഭൗതികനേട്ടം ലക്ഷ്യം വെച്ച് പ്രയാണം ചെയ്യുമ്പോൾ അവരുടെ കൂടെ ദൈവം ഉണ്ടോ എന്ന് അവർക്ക് ഉറപ്പുവരുത്തണം. ഭവനാന്തരിക്ഷത്തിൽ നിന്ന് അത് ലഭിച്ചിട്ടില്ല എങ്കിൽ അവർ ചെല്ലുന്നിടത്ത് ദൈവസാന്നിധ്യം അവർക്ക് അനുഭവിക്കാൻ സാധിക്കുകയില്ല എന്നോർക്കണം.

പിന്നീടുള്ള യാക്കോബിന്റെ യാത്രയിൽ ദൈവം അവനോട് കൂടെ യിരുന്നു അവന്റെ യാത്ര സഫലമാക്കി എന്നാൽ അവന്റെ സ്വഭാവത്തിനു ഒരു മാറ്റവും ഉണ്ടായില്ല. ഒരു വടിയോടുകൂടി കടന്നുപോയ യാക്കോബ്

ലാബാന്റെ ഭവനത്തിൽ നിന്ന് തിരിച്ചുപോരുമ്പോൾ ബഹു സമ്പത്തോടും ഭാര്യമാരും മക്കളും ദാസി ദാസന്മാരുമായി ഒരു വലിയ കൂട്ടമായി യബ്ബോക്ക് കടവിൽ നില്ക്കുമ്പോൾ, അവന്റെ സഹോദരൻ ഏശാവിനെ ഭയന്നു അവനുള്ള കാഴ്ചകൾ ആദ്യം നിർത്തുകയും തുടർന്ന് മറ്റുള്ളവരെയും ഒടുവിലായി തന്റെ പ്രിയപ്പെട്ട ഭാര്യയായ റാഹേലിനെയും മക്കളെയും നിർത്തി. ഇങ്ങനെ തനിക്കുള്ളതൊക്കെയും അക്കരെ കടത്തിയതിനുശേഷം യാക്കോബ് തനിയെ ശേഷിച്ചു. അവിടെ തന്റെ ഏകാന്തതയിൽ ദൈവ സാന്നിധ്യം അനുഭവിച്ചു. അതുവരെ യാക്കോബ് എന്ന പേരുപോലെ ജീവിതത്തിന്റെ എല്ലാ പാതയിലും ഉപായിയായിരുന്ന യാക്കോബിനോട് ദൈവം മല്ലു പിടിച്ചു ബേർശേബയിൽ നിന്നു പുറപ്പെട്ട് ഹാരാനിൽ ജീവിച്ച 20 വർഷം നിന്റെ കൂടെ ഞാൻ ഇരുന്നു. നീ എനിക്ക് അല്പസമയമെങ്കിലും തന്നുവോ നിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനുള്ള വ്യഗ്രതയിൽ നീ ആയിരുന്നില്ലേ? യാക്കോബിന്റെ ഹൃദയം തകർന്നു അവനു ഒന്നും മറച്ചുവയ്ക്കാൻ ഇല്ലായിരുന്നു, ശൂന്യമാക്കപ്പെട്ട ഹൃദയവുമായി തകർന്ന വനായി ദൈവപുരുഷന്റെ മുമ്പിൽ വീണു. നീയെന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ വിടുകയില്ല ഇവിടെ യാക്കോബ് ചോദിക്കുന്നതു അനുഗ്രഹം ഭൗതി കമല്ല ആത്മീയ അനുഗ്രഹമായിരുന്നു. ദൈവം അവന്റെ യാക്കോബ് എന്നുള്ള പേര് മാറ്റി ഇസ്രായേൽ എന്ന് പേരിന് ഉടമയാക്കി. അങ്ങനെ ദൈവത്തിന്റെ ജനവും ദൈവത്തിന്റെ രാജ്യവുമായി ഇസ്രായേൽ തീർന്നു. ദൈവം അവനെ അനുഗ്രഹിച്ചു. പെനിയേൽ കടന്നുപോകുമ്പോൾ സൂര്യൻ ഉദിച്ചു ഹാരാനിൽ വച്ച് അസ്തമിച്ച അവന്റെ ആത്മീയ സൂര്യൻ പെനിയേലിൽ ഉദിച്ചു. തുടയുടെ ഉളുക്ക് നിമിത്തം യാക്കോബ് മുടന്തി നടന്നു അതുവരെ യാക്കോബിന്റെ ഭൗതിക നന്മകൾക്ക് വേണ്ടിയുള്ള ഓട്ടം അവസാനിച്ചു. ദൈവിക കാര്യങ്ങൾക്കായി ജീവിതം മാറ്റിവെച്ചു.

നമ്മുടെ കുഞ്ഞുങ്ങൾ പോകുന്ന സ്ഥലത്ത് ദൈവം അവരോടു കൂടെ പോകും അവരെ ഭൗതികമായി അനുഗ്രഹിക്കും എന്നാൽ അവരുടെ ഭൗതിക നേട്ടങ്ങൾക്കിടയിൽ ദൈവത്തിന്റെ ശബ്ദം ശ്രവിച്ചു ദൈവേഷ്ടം ചെയ്യാൻ അവർ ശ്രമിക്കുന്നുണ്ടോ എന്ന് നാം എപ്പോഴും പരിശോധിക്കേണ്ടതുണ്ട്. അല്ലായെങ്കിൽ യാക്കോബിന്റെ തുട ഉളുക്കിയത് പോലെ ചില കൊളുത്തുകൾ നമ്മുടെ കുഞ്ഞുങ്ങളുടെമേലും വീഴാൻ ഇടയുണ്ട് എന്ന് അവരെ ഓർപ്പിക്കുകയും അവർക്ക് വേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും വേണം.

"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടകൂടെ ഉയിർത്തെഴുന്നേ റ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നി ടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ". (കൊലൊസ്യർ 3:1,2)

ദൈവനാമത്തിന് മഹത്ത്വം ഉണ്ടാവട്ടെ.

**മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ**

Admission Bulletin

# Bethany School of Theology

(The School is situated two miles west of Jerusalem on Golgotha Hills)

Admission Requirement: All applicants should have earned the degree of B.A. (Born Again) before being considered for admission. Both men and women of all ages with the required qualifications and full commitment will be admitted in our school.

Degree Offered: At the successful completion of our teaching program, all students will be awarded M.A. Degree (Master's Assistant). This will qualify the graduates to work in the following places:

a. Highways and Byways of Life

b. Inner Cities like Slums, Schools, Colleges, Market places, Buses, Trains, Autorikshaws, Laodicea, Sodom and Gomorrah, Sport arenas and Entertainment halls.

c. Prisons of sins and sufferings

d. Hospitals of Spiritually, Emotionally, Physically and Socially Sick People

e. Orphanages of the Fatherless and abandoned persons and the Widows

f. And any other place the Master appoints the graduates from time to time

All the jobs fetch handsome rewards. Every day all mundane needs of the students will be met and the rest will be paid as a perpetual lump sum when the job is completed and the candidate retires into the Master's Abode.

**Our Various Departments:**

i. Department of Prayer: All students should take all the courses offered by this Department. Classes are offered at the Bending Knee Hall. Some courses are offered along with Fasting at the advanced level.

ii. Department of Discipline: All the courses offered by this Department are field level training. It involves each student to register and submit their blood, sweat and tears. At the end of these courses, students will have lost all their head weight and ensnaring sins. It involves

long distance running and so only those who have good spiritual health will be admitted to these courses. All runners have to run by closing their eyes as the race is by faith.

iii. Department of Learning: This Department follows the curriculum developed by LOGOS Accreditation Association. Only students who are able to sit on the floor for long hours will be admitted in this Department. The Head of this Department sits on a recliner and the learners have to sit at His feet and learn as a sign of utter humility and full surrender.

iv. Department of Ministry: This Department provides each student with different talents. All students are expected to use it to gain more experience and develop more talents for their various ministries and will be granted the title "Good and Faithful". Those who abandon the talents given to them will have severe punishment from the Master which will result in tears and gnashing of teeth. They will also receive the title, "Unprofitable".

**Learning Methods**

All classes will be based on Experiential Learning methods. Students are expected to write their reports on each of the learning experiences and submit it to the whole school for other students to learn from. Mutual and collective learning are also used in the School, but copying is strictly prohibited. The Master will grade each student and report cards will be sent at definite intervals as decided upon by Him.

**Tests and Examinations**

There will be frequent tests and examinations in the School. No fixed schedules are set for these tests which will be administered at the will and pleasure of the Master. All tests will be surprise tests and so all students must be ready to take these tests at any time, without any notice. Those who fail will be given re-sit tests until they pass. Questions will be from both the syllabus and out of syllabus, as decided by the Master. It is guaranteed that all students will find the tests easy and light because our Master is not a task master and a hard man. He is very kind and compassionate and loves all His students. The Master is the Friend, Philosopher, Guide and Mentor of all the students.

**Books and Stationery**

All text books are available in the Library. All students are expected to master at least the basic 66 books in the Library which are in many versions and translations including the original languages. Those who do not have any note book may write all notes on the pages of their hearts. Those who are deficient will be given personal tutoring by the Master to read, meditate and assimilate.

Duration of the Course & Fees

Our courses are life-long, without break or vacation. Only those who are willing to be in the school for a life time need to register. Admission is free, but annual fees will include all that the students have as resources, like their body, soul, mind, emotions and spirit. Those who do not pay the annual fee will not be allowed to continue in the School. All who pay the annual fee will have their room, board and books included in it.

**Graduation**

At the Graduation Ceremony, the Master will be the MC (Master of Ceremonies) also, and He will be assisted by Mr. Michael, Mr. Gabriel and a host of their company, the supernatural beings. Each learner will be called by name and awarded prizes and recognitions according to the level of their learning and practical work. Special prizes will be given to those who did exemplary work in the School of Life.

**Alumni**

Alumni of our school includes Mary Bethany, Martha Bethany, Lazarus Bethany, Simon Peter, John Zebedee, James Zebedee, Andrew Fisher, Mary Magdalene, Paul Tarsus, John Mark, Timothy Greek, Titus Crete, Lydia Philippi, Aquilla Tentmaker, Priscilla, Rhoda, Salome, Philemon, Aphia, Epaphradites and scores of others. You may refer the Book of the Lamb to find the full list of our Alumni.

**Application**

All who are interested may apply soonest, as admission will be closed anytime without notice, even though no cut-off date is announced yet. Make all enquiries and application to the following address in person:

Carpenter of Nazareth, Dean, Bethany School of Theology

1 Narrow Way, Church Street, Jerusalem 777 777

**(Prepared by Dr. Oommen Philip, Trivandrum).**

# ഈ ലക്കം Quest 8 – ലെ ചോദ്യങ്ങൾ സഭാപ്രസംഗി എന്ന പുസ്തകത്തിൽ നിന്നാണ്.

1. ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ ആർക്ക് കഴിയില്ല?
2. സുഗന്ധതൈലത്തെക്കാളും ഉത്തമമായത് എന്ത്?
3. എങ്ങനെയുള്ള രാജാവാണ് ദേശത്തിന് ഉപകാരി?
4. ചത്ത സിംഹത്തേക്കാൾ നല്ലത് എന്താണ്?
5. അധികം പഠിക്കുന്നതു ശരീരത്തിന് എന്താണ്?
6. കുഴിയിൽ വീഴുന്നത് ആരാണ്?
7. ആരുടെ ജ്ഞാനമാണ് തുച്ഛീകരിക്കപ്പെടുന്നത്?
8. കാറ്റിനെ വിചാരിക്കുന്നവൻ എന്തു ചെയ്കയില്ല?
9. ആരുടെ മകനാണ് സഭാപ്രസംഗി?
10. ബലത്തേക്കാൾ എന്താണ് നല്ലത്?
11. വ്യസനം എന്തിനേക്കൾ നല്ലതാണ്?
12. ജ്ഞാനിയുടെ ദിനങ്ങൾ എങ്ങനെയുള്ളതാണ്?
13. എന്തിന്റെ ആധിക്യംകൊണ്ടാണ് സ്വപ്നം ജനിക്കുന്നത്?
14. ജ്ഞാനിയെ പൊട്ടനാക്കുന്നത് എന്ത്?
15. ജ്ഞാനിയുടെ ബുദ്ധി ഏത് ഭാഗത്താണ് ഇരിക്കുന്നത്?
16. തലയിൽ കണ്ണുള്ളത് ആർക്ക്?
17. കൈയ്യും കെട്ടിയിരുന്നു സ്വന്തമാംസം തിന്നുന്നത് ആര്?
18. മനുഷ്യന്റെ മുഖത്തെ പ്രകാശിപ്പിക്കുന്നത് എന്ത്?
19. എന്തുകൊണ്ടാണ് വീട് ചോരുന്നത്?
20. മുപ്പിരി ചരട് വേഗം അറ്റുപോകയില്ല എന്ന് പറഞ്ഞതാര്?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 8-ന്റെ ഉത്തരങ്ങൾ റഫറൻസ് സഹിതം 2026 ആഗസ്റ്റ് 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**, : **8281748768**

ഉത്തരങ്ങൾ പോസ്റ്റ് വഴി അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

## Dr. Kunjumon Chacko മഹത്ത്വത്തിൽ



പ്രിസൺ ഫെലോഷിപ്പ് ഇന്ത്യയുടെ സ്ഥാപകനും, പ്രിസൺ ഫെലോഷിപ്പ് ഇന്റർ നാഷണലിന്റെ മുൻ ഏഷ്യൻ ഡയറക്ടറുമായ അരീപ്പറമ്പ് ആർപ്പിൽ വീട്ടിൽ പരേതനായ ഇവാഞ്ജലിസ്റ്റ് കെ. കെ. ചാക്കോയുടെയും തങ്കമ്മ ചാക്കോയുടെയും മകൻ ഡോ. കുഞ്ഞു മോൻ ചാക്കോ 25.06.2026 വ്യാഴാഴ്ച നിത്യത യിൽ പ്രവേശിച്ചു.

കേരളത്തിലെ പൊൻകുന്നം ജയിലിൽ 1973-ൽ തുടക്കം കുറിച്ച ജയിൽ സുവിശേഷീകരണം പടർന്നു പന്തലിച്ച് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും 101 രാജ്യങ്ങളിലും എത്തി. മാനസാന്തരപ്പെടേണം എന്ന സന്ദേശം മാത്രമാണ് അന്ന് നല്കിയിരുന്നത്. 44 വർഷങ്ങൾ ജയിലിൽ താൻ കൈ തൊട്ടതും കേട്ടറിഞ്ഞതും കണ്ടു മനസ്സിലാക്കിയതുമായ നഗ്ന സത്യങ്ങളെ പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോ.കുഞ്ഞുമോൻ ചാക്കോ ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ ഉറ്റമിത്രവും ക്രൈസ്തവ വനിതാ മാസികയിലെ സ്ഥിരം എഴുത്തുകാരനുമായിരുന്നു. 'തടവുകാരെ തേടി' എന്ന ലേഖന പരമ്പരയിൽകൂടെ അദ്ദേഹം വനിതാ മാസിക വായനക്കാർക്കു സുപരിചിതനാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് ഗുഡ്ന്യൂസ് സ്റ്റാഫ് അംഗങ്ങൾക്കു പൂജപ്പുര സെൻട്രൽ ജയിലിൽ തടവുകാർക്കു വേണ്ടി പ്രാർത്ഥനാ ഗ്രൂപ്പുകൾ സംഘടിപ്പിക്കുവാനുള്ള അനുമതി ലഭ്യമായത്. തദ്വാരാ നിരവധി തടവുകാർക്ക് സൗജന്യമായി ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ പഠിക്കുവാനുള്ള അവസരവും ലഭിച്ചു.

ഇൻഡ്യാ ബാപ്റ്റിസ്റ്റു തിയളോജിക്കൽ സെമിനാരിയുടെയും, തടവുകാരുടെ കുഞ്ഞുങ്ങളുടെ പുനരധിവാസത്തെ ലക്ഷ്യമാക്കി അരീപ്പറമ്പിലുള്ള പ്രെഷ്യസ് ചിൽഡ്രൻസ് വില്ലേജ് എന്ന സ്ഥാപനത്തിന്റെയും സ്ഥാപകനും ഡോ.കുഞ്ഞുമോൻ ചാക്കോയാണ്. വിടരുന്ന മൊട്ടുകൾ, മായുന്ന പൊട്ട്, കുടുംബ വിശേഷങ്ങൾ, തടവുകാരന്റെ ഡയറി, തടവു കാരെ തേടി 1 & 2, 1001 പ്രസംഗ കുറിപ്പുകൾ തുടങ്ങി ഏകദേശം 27 ലധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ കൃതികളാണ്. ഭാര്യ: ജയ്നമ്മ, മക്കൾ: ബിജു, ബെന്നി, മരുമക്കൾ: ആനി, സംഗീത.

ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ ഹൃദയംഗമായ ആദരാഞ്ജലികൾ.

**ഡോ. ചാൾസ് ജോൺ**

# ANNAMMA CHARLES JOHN

## Memorial Educational Scholarships



Mrs. Annamma Charles John Memorial Personal Evangelism Award for the year 2026 was presented to Siddineni Deevana Blessi, a student from Andhra Pradesh by Dr. Santhosh P. Chacko, Principal, Logos College of Advanced Studies, Kattaikonam, Thiruvananthapuram. The award carries a certificate and a cash award of Rs. 10,000. She had joined Logos College in 2019, progressing from a Diploma in Theology, Bachelor of Theology to the Master of Divinity program.



Mrs. Annamma Charles John Memorial Personal Evangelism Award for the year 2026 was presented to Pradeep Dinkar, a student from Maharashtra enrolled in the Master of Divinity program at Logos College of Advanced Studies, by its Principal, Dr. Santhosh P. Chacko. The award carries a certificate and a cash award of Rs. 10,000. His journey reflects God's transforming grace, a strong spiritual calling, and consistent dedication to both church-based and institutional ministry.

Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11